www.malankaralibrary.com

Vol. 46, Issue 03, March 2024 Date of Publication : 15 March 2024
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

A Journal For Adult Catechesis



www.malankaralibrary.com

**ANNUAL SUBSCRIPTION : RS. 180/-**
**SINGLE COPY : RS. 15/-**

# താലന്ത്

## A Journal For Adult Catechesis




**വായിക്കുക**
**വരിക്കാരാവുക**
**പ്രചരിപ്പിക്കുക**

TALENT PUBLICATION SOCIETY
P.O.C., PALARIVATTOM, KOCHI - 682 025,
MOB: 944 744 1109, 999 543 3367,
Email : thalenthu@gmail.com

www.malankaralibrary.com

## താളുകളിലൂടെ...


എഡിറ്റോറിയൽ 5

1. യേശുവിന്റെ പുനരുത്ഥാനം: അർത്ഥവും സന്ദേശവും 6–13
**ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി**

2. ഉത്ഥാനത്തിനു തെളിവുണ്ടോ?
**ഫാ. ഡോ. ജോജു കോക്കാട്ട്** 14–20

3. കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം: പ്രധാന വിശ്വാസരഹസ്യങ്ങൾ
**ഫാ. ഡോ. ജോസ് പുതിയേടത്ത്** 21–30

4. മതപരിവർത്തന നിരോധന നിയമങ്ങൾ: ഒരു വിശകലനം
**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ** 31–38

5. ജീസസ്സ് ഫ്രട്ടേണിറ്റി തടവറയിലെ തണൽവൃക്ഷം
**റവ. ഫാ. മാർട്ടിൻ തട്ടിൽ** 39–43

6. തിരുസഭ, “മാതാവും ഗുരുനാഥയും”
**തോമസ് പോൾ കൊടിയൻ** 44–52

7. സിനഡാത്മകതയും സഭാജീവിതവും
**ബ്രദർ റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ** 53–56

8. പാപസർപ്പപ്പിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ
**എം. കോഴിമണ്ണിൽ** 57–58

9. കർത്തൃവിലാപം
**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** 59

10. ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ 61–64

11. വാർത്തകൾ 65

12. സമീക്ഷകൻ
**ആന്റണി ചടയംമുറി** 66

www.malankaralibrary.com


# Talent Magazine

**Monthly**

**A Journal For**
**Adult Catechesis**
**From The Secretariat**
**of KCBC, POC.**

**Volume : 46, Issue No. 03**
March 2024

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| **Chief Editor** | : | Rev. Fr. Tony Kozhimannil |
| **Managing Editor** | : | Rev. Fr. Jacob G. Palackappilly |
| **Consulting Editor** | : | Rev. Fr. Michael Pulickal CMI |
| **Associate Editor** | : | Mr. Antony Chadayammuri |
| **Editorial Board** | : | Rev. Fr. Stephen Thomas Chalakara |
| | | Rev. Dr. Abraham Irimbinikal |
| | | Rev. Dr. Joju Kokkatt |
| | | Prof. K.M. Francis |
| | | Dr. Edward Edezhath |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| **Circulation Manager** | : | Rev. Sr. Solly Chacko DCPB |
| **Design & Layout** | : | Mrs. Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, 999 543 3367, Email : thalenthu@gmail.com

www.malankaralibrary.com

എഡിറ്റോറിയൽ

# ഈസ്റ്റർ നല്കുന്ന
## പ്രത്യാശയുടെ സന്ദേശം



**ഫാ. ടോണി കോഴിമണ്ണിൽ**
ചീഫ് എഡിറ്റർ

ഉയിർപ്പ് പ്രത്യാശയുടെ അനുഭവം നൽകുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനവും പ്രതീക്ഷയുമാണ് ഈസ്റ്റർ.

മനുഷ്യന്റെ വേദനകൾക്കും ക്ലേശങ്ങൾക്കും പരിഹാരമായിട്ടാണ് ഉത്ഥിതനായ ക്രിസ്തു നമുക്ക് പ്രത്യക്ഷനാകുന്നത്. മനുഷ്യന് നല്കപ്പെട്ട മഹത്വവും ദൈവിക ഛായയും സാദൃശ്യവും നഷ്ടമാക്കത്തവിധം ദൈവഹിതത്തിന് എതിരായ തെരഞ്ഞെടുപ്പുകൾ നടത്തുന്നതായി നാം കാണുന്നുണ്ട്. ദൈവം മനുഷ്യന് നല്കിയ ബുദ്ധിയും ഇച്ഛയും സ്വാതന്ത്ര്യവും ഉപയോഗിച്ചാണ് മനുഷ്യൻ ദൈവത്തിന്റെ ഹിതത്തിൽ നിന്ന് വ്യത്യസ്ത തെരഞ്ഞെടുപ്പുകൾ നടത്തുക. ഇത് മനുഷ്യനന്മയെ നിഷേധിക്കുന്ന പാപത്തിന്റെ വഴിയാണ്. യേശുവിന്റെ പീഡാനുഭവം എല്ലാ തിന്മകളെയും അതിജീവിച്ച് ദൈവവഴിയിൽ എത്തിച്ചേരുമെന്ന സന്ദേശമാണ് ഒരു വിശ്വാസിക്ക് നൽകുക.

ലോകത്തിലെവിടെയും അക്രമവും അനീതിയും, അശാന്തിയും യുദ്ധവും അരങ്ങേറുമ്പോൾ ഓരോ നെടുവീർപ്പിലും ശാശ്വത സമാധാനത്തിനായി ക്രിസ്തു തന്റെ ജീവിതത്തിലൂടെ കാണിച്ചു തന്ന പ്രത്യാശയുടെ സന്ദേശം മഹനീയമാണ്. പരസ്പരം സ്നേഹിക്കുവാനും കരുതുവാനും, ത്യാഗം ചെയ്യുവാനുമുള്ള വലിയ സന്ദേശമാണ് ക്രിസ്തു ലോകത്തിന് നൽകുന്നത്. തിരിച്ചറിവുകളുടെ സ്നേഹമാണ് ഉയിർപ്പ് നൽകുന്നത്. ജീവിതത്തിന്റെ ശൂന്യതയിൽ നന്മകളും പച്ചപ്പുകളും അപ്രത്യക്ഷമാകുമ്പോൾ ജീവിതത്തിൽ വസന്തത്തിന് സാധ്യതയുണ്ടെന്ന് ഈസ്റ്റർ നമ്മെ പഠിപ്പിക്കുന്നു.

പരസ്പരം സ്നേഹിക്കുവാനും ത്യാഗം ചെയ്യുവാനും ഉയിർപ്പ് നമുക്ക് പ്രചോദനമാകട്ടെ. *



താളുകളിലൂടെ...

www.malankaralibrary.com

# യേശുവിന്റെ പുനരുത്ഥാനം: അർത്ഥവും സന്ദേശവും



റവ.ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

പുതിയ നിയമത്തിനു രൂപം നല്കിയ എല്ലാ പാരമ്പര്യങ്ങളിലും സാഹിത്യരൂപങ്ങളിലും വ്യത്യാസം കൂടാതെ പ്രഘോഷിക്കപ്പെടുന്ന സത്യമാണ് യേശുവിന്റെ പുനരുത്ഥാനം. അതിന്റെ പ്രാധാന്യം ഏററുപറഞ്ഞുകൊണ്ട് പൗലോസ്ശ്ലീഹാ പറയുന്നു: ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോറി 15:14). ഇത്രയും പ്രാധാന്യമാണ് വിശ്വാസജീവിതത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പിന് ഉള്ളതെങ്കിലും അത് വേണ്ടവണ്ണം വിശ്വാസികൾ മനസ്സിലാക്കുകയോ അതിന്റെ സന്ദേശം ഉൾക്കൊള്ളുകയോ ചെയ്യുന്നുവോ എന്നത് സംശയമാണ്. നാലു സുവിശേഷങ്ങളുടെയും വെളിച്ചത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പിന്റെ അർത്ഥം വിശദീകരിക്കാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

സുവിശേഷങ്ങളിൽനിന്ന് ലഭിക്കുന്ന വിവരത്തെ രണ്ടായി തിരിക്കാം.

1) വെറും പരാമർശം
2) വിവരണം.

വെറും പരാമർശം കൊണ്ടു തൃപ്തിപ്പെടുന്നത് മർക്കോസാണ്. മറ്റു മൂന്നു സുവിശേഷകരും കുറച്ചൊക്കെ വിവരണം നല്കുന്നുണ്ട്, അവയിൽ ഏറ്റവും ദീർഘമായത് യോഹന്നാന്റേതും. മർക്കോസിന്റെ സുവിശേഷത്തിന്റെ ആദ്യരൂപം പരിഗണിച്ചാണ് ഈ അഭിപ്രായം പറയുന്നത്. ഇന്ന് സഭയിൽ പ്രചരിക്കുന്നതും സുവിശേഷത്തിന്റെ ഭാഗമായി ഗണിക്കപ്പെടുകയും ചെയ്യുന്ന 16:9–20 മർക്കോസിന്റെ തൂലികയിൽ നിന്ന് വന്നതല്ല; ആദിമസഭ കൂട്ടിച്ചേർത്തതാണ്. ഈ ഭാഗത്തിന്റെ ഭാഷയും ശൈലിയും ഇവിടെ പ്രതിഫലിക്കുന്ന ദൈവശാസ്ത്ര

www.malankaralibrary.com

വീക്ഷണവും ഇത്രയും ഭാഗം സുവിശേഷത്തിന്റെ ഭാഗമല്ല എന്ന് തെളിയിക്കുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിനെപ്പറ്റി മർക്കോസ് പറയുന്നത് 16: 1–8–ലാണ്. അവിടെ പരാമർശമേയുള്ളൂ; വിവരണമില്ല. രണ്ടു കാര്യങ്ങളാണ് പരാമർശിക്കപ്പെടുന്നത്.

1. ഞായറാഴ്ച രാവിലെ കല്ലറയിൽ സുഗന്ധാർപ്പണത്തിനു പോയ സ്ത്രീകൾ തുറന്നതും ശൂന്യവുമായ കല്ലറയും ഒരു ദൈവദൂതനെയുമാണ് കണ്ടത്. യേശുവിനെ കണ്ടില്ല. 2. ദൂതൻ അവരോട് പറഞ്ഞു, യേശു ഉയിർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും അവൻ അവർക്കു മുമ്പേ ഗലീലിയിലേക്കു പോകുന്നുവെന്നും അവിടെ വച്ച് അവനെ അവർ കാണുമെന്നും.

കല്ലറയിൽ വന്നവരെല്ലാം ശൂന്യമായ കല്ലറയാണ് കണ്ടതെന്നും



യേശുവിന്റെ ശരീരം അവിടെ കണ്ടില്ലെന്നും നാലു സുവിശേഷകന്മാരും സാക്ഷിക്കുന്നു. (മർക്കോ 16:6; മത്തായി 28:6; ലൂക്കാ 24:5; യോഹ 20:48).

## ശൂന്യമായ കല്ലറയുടെ സന്ദേശം

ആദ്യത്തെ സുവിശേഷകൻ (മർക്കോസ്) വരെ എടുത്തു പറയുന്ന പ്രധാന സത്യമാണ് കല്ലറ സന്ദർശിച്ചവർ യേശുവിന്റെ ശരീരം അവിടെ കണ്ടില്ല എന്നത്. ഈ പാരമ്പര്യം - ദു:ഖവെള്ളിയാഴ്ച അടക്കം ചെയ്യപ്പെട്ട ശരീരത്തിന് മാറ്റം സംഭവിച്ചു എന്നത് - സഭയിൽ നിലനിന്ന ഏറ്റവും ആദ്യത്തെ പാരമ്പര്യമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഉയിർപ്പ് ഒരു വ്യത്യാസപ്പെടലാണ് എന്ന് സഭ - സുവിശേഷകർ - പഠിപ്പിക്കുന്നുവെന്നത് വ്യക്തം. വിശേഷിച്ചു ലൂക്കാ നല്കുന്ന സന്ദേശം ശ്രദ്ധാർഹമാണ്. കല്ലറ സന്ദർശിച്ച സ്ത്രീകൾക്കു കിട്ടിയ സന്ദേശമിതാണ്: 'ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു.' (ലൂക്ക

www.malankaralibrary.com



24:5). ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ് : ഉയിർപ്പ് ജീവൻ പ്രാപിക്കലാണ്. ഏതുവിധത്തിലുള്ള ജീവനാണ് ഉയിർപ്പിലൂടെ ലഭിക്കുന്നത്? ഭൗതിക ജീവനല്ലെന്നു വ്യക്തം. കാരണം യോഹന്നാന്റെ സുവിശേഷത്തിൽ ഉയിർപ്പിന്റെ ജീവനെ ഭൗതിക ജീവിതത്തിൽനിന്ന് വ്യത്യസ്തമായതായി അവതരിപ്പിക്കുന്നു. മരിച്ചശേഷം യേശു ജീവനിലേക്കു കൊണ്ടുവന്ന വ്യക്തിയാണ് ലാസർ. കല്ലറയിൽ നിന്നു പുറത്തുവന്ന ലാസറിനെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: അവന്റെ കൈകാലുകൾ നാടകൾകൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു' (യോഹ 11:44) എന്നാൽ ഉയിർത്ത യേശുവിനെപ്പറ്റി പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: 'കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും കണ്ടു' (യോഹ 20:7). ലാസറിന്റെ ഉയിർപ്പ് വസ്ത്രം ആവശ്യമുള്ള സാധാരണ ജീവിതത്തിലേക്കുള്ള തിരിച്ചുപോകലാണെന്നും യേശുവിന്റെ ഉയിർപ്പ് സാധാരണതയിൽ നിന്നുള്ള മാറ്റപ്പെടലും വസ്ത്രമൊന്നും ആവശ്യമില്ലാത്ത അതിഭൗതിക തലത്തിലേക്കുള്ള ആരോഹണവുമാണെന്നും ഇവിടെ വ്യക്തമാക്കുന്നു. യേശുവിന്റെ ഉയിർപ്പ് അമർത്യതയിലേക്കുള്ള മാറ്റപ്പെടലാണ്. ഇനി ഒരിക്കലും യേശുവിന് മരിക്കാനാകില്ല. ലാസർ ഈ ലോകത്തിലെ ഭൗതിക ജീവിതത്തിലേക്ക് തിരിയെപ്പോകുകയാണ് ചെയ്തത്. അദ്ദേഹം അമർത്യനാകുന്നില്ല. യേശു സ്വർഗ്ഗീയതയിലേക്കു പ്രവേശിക്കുകയാണ് ചെയ്തത്. അതിനാൽ ലാസർ മരിച്ചശേഷം ജീവിതത്തിലേയ്ക്കു തിരിച്ചുവന്നതും യേശു മരിച്ചവരിൽനിന്ന് പുനരുത്ഥാനം ചെയ്തതും തുലനം ചെയ്യാനാകാത്തവിധം വ്യത്യസ്തങ്ങളായ രണ്ടു കാര്യങ്ങളാണ്. ലാസറിന്റേതുപോലുള്ള അനുഭവം ലഭിച്ച വേറേയുമുണ്ട് പലർ സുവിശേഷങ്ങളിൽ. ജായ്റോസിന്റെ മകൾ മരിച്ചു പോയിരുന്നു. യേശു

www.malankaralibrary.com

അവളെ ജീവനിലേയ്ക്ക് തിരികെ കൊണ്ടു വന്നു (മർക്കോസ് 5:41-42). നായിനിലെ വിധവയുടെ മകനെ ഉയിർപ്പിച്ചു (ലൂക്കാ 7:11-17). ഇവയൊന്നും യേശുവിന്റെ ഉയിർപ്പിനോടു തുലനം ചെയ്യാനാകുന്നതല്ല. ഇവയെല്ലാം പഴയ ജീവിതത്തിലേയ്ക്കുള്ള തിരികെ പോകലാണ്, യേശുവിന്റെ ഉയിർപ്പ് നിത്യനവ്യതയിലേയ്ക്കുള്ള കുതിച്ചുകയറലാണ്.

## ഉയിർപ്പ് എന്ന യാഥാർത്ഥ്യം

ഉയിർത്ത വ്യക്തിയുടെ അവസ്ഥ-ഉയിർപ്പ് എന്ന യാഥാർത്ഥ്യം -വിശദീകരിക്കാൻ വി. പൗലോസ് ശ്ലീഹ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. 1 കോറി 15:35-58-ൽ അത്തരമൊരു ശ്രമമുണ്ട്. അദ്ദേഹം പറയുന്നു. 'എല്ലാ ശരീരവും ഒരുപോലെയല്ല. മനുഷ്യരുടേത് ഒന്ന്; മൃഗങ്ങളുടേത് മറ്റൊന്ന്; പക്ഷികളുടേത് വേറൊന്ന്; മത്സ്യങ്ങളുടേത് വേറൊന്ന്. സ്വർഗ്ഗീയ ശരീരങ്ങളുണ്ട് ഭൗമിക ശരീരങ്ങളുണ്ട്. സ്വർഗ്ഗീയ ശരീരങ്ങളുടെ തേജസ് ഒന്ന്; ഭൗമിക ശരീരങ്ങളുടെ തേജസ്സ് മറ്റൊന്ന്. സൂര്യന്റേത് ഒന്ന്; ചന്ദ്രന്റേത് മറ്റൊന്ന്. (1 കോറി 15:39-41). ഈ വാക്യങ്ങളിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടവർ ഏതുവിധത്തിലുള്ള യാഥാർത്ഥ്യങ്ങളായി മാറുന്നു എന്നു പറയാനല്ല പൗലോസ് ആഗ്രഹിക്കുന്നത്. മറിച്ച് ഓരോ വ്യക്തിയും മറ്റുള്ള ഓരോ വ്യക്തിയിൽ നിന്നും വ്യത്യസ്തനായിരിക്കും എന്ന് പറയാനാണ്. എല്ലാവർക്കും പൊതുവായ ആ ഉയിർപ്പിക്കപ്പെട്ട യാഥാർത്ഥ്യത്തെ എങ്ങനെ മനസ്സിലാക്കാൻ കഴിയും? കഴിയുകയില്ല തന്നെ. പൗലോസ് തന്നെ ഈ ചോദ്യത്തിനു നല്കുന്ന ഉത്തരം ഇങ്ങനെയാണ്: "എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല. (1 കോറി 2:9). അതിന്റെ യാഥാർത്ഥ്യം നമുക്ക് ഏറ്റുപറയാം; എന്നാൽ അത് എങ്ങനെയെന്ന് വർണ്ണിക്കാൻ നമുക്ക് ഒരിക്കലും സാധ്യമല്ല. മനുഷ്യമനസ്സിന് ഗ്രഹിക്കാനാകാത്തത് എങ്ങനെ വർണ്ണിക്കും? അത് ഇങ്ങനെയും അങ്ങനെയുമൊക്കെ അല്ലെന്ന് കുറേയൊക്കെ പറയാനാകും, എന്നാൽ അത് എങ്ങനെയെന്ന് ഭാവാത്മകമായി വർണ്ണിക്കാൻ മനുഷ്യന് സാധിക്കുകയില്ല. ഈ സാധിക്കാത്തതിലേക്കുള്ള മനുഷ്യമനസ്സിന്റെ ആരോ

www.malankaralibrary.com

ഹണമാണ് വിശ്വാസം. അതാണ് ഹെബ്രായ ലേഖന കർത്താവ് പറയുന്നത് “വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (11:1). യേശുവിന്റെ ഉയിർപ്പ് എന്ന യാഥാർത്ഥ്യവും വിശ്വാസ വിഷയമാണ്. കാണപ്പെടാത്തവയിലേക്കുള്ള ആരോഹണമെന്ന വിശ്വാസത്താൽ മാത്രമേ അത് മനസ്സിലാക്കാനാകൂ.

യേശുവിന്റെ ഉയിർപ്പിനെപ്പറ്റിയുള്ള അന്വേഷണത്തിൽ ഇതേ നിഗമനത്തിലാണ് ‘കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥ’വും എത്തിനില്ക്കുന്നത്. അവിടെ നാം ഇങ്ങനെ കാണുന്നു. “ശൂന്യമായ കല്ലറയുടെ അടയാളത്താലും ഉയിർത്തെഴുന്നേറ്റ യേശുവിനെ അപ്പസ്തോലന്മാർ കണ്ടു എന്ന യാഥാർത്ഥ്യത്താലും തെളിയിക്കാവുന്ന ഒരു ചരിത്ര സംഭവമാണ് ഉയിർപ്പ്. എങ്കിലും ചരിത്രത്തെ കടന്നുനില്ക്കുന്നതും ചരിത്രാതീതവുമായ വിശ്വാസരഹസ്യത്തിന്റെ ഹൃദയമായി അത് നിലകൊള്ളുന്നു’. (CCC 647). ഈ പ്രസ്താവനയുടെ ആരംഭത്തിൽ ചരിത്രസംഭവമെന്നു പറഞ്ഞിരിക്കുന്നത് മറ്റു ചരിത്ര സംഭവങ്ങളെപ്പോലെ ഒന്നാണെന്ന അർത്ഥത്തിലല്ല, സത്യമായും നടന്നതാണെന്ന അർത്ഥത്തിലാണ്. അവിടെ പറഞ്ഞിരിക്കുന്നു. ‘ചരിത്ര’ എന്ന പ്രയോഗത്തെ വിശേഷിപ്പിക്കുകയും വിശദീകരിക്കുകയുമാണ് ‘ചരിത്രത്തെ കടന്നു നില്ക്കുന്നതും ചരിത്രാതീതവു’മെന്ന പ്രയോഗം. ചുരുക്കത്തിൽ യേശുവിന്റെ ഉയിർപ്പിനെ നമുക്ക് ഇങ്ങനെ ചരിത്രവുമായി ബന്ധപ്പെടുത്തി പറയാൻ കഴിയും. ചരിത്രത്തിൽ നടന്ന ചരിത്രാതീത യാഥാർത്ഥ്യമാണ് യേശുവിന്റെ ഉയിർപ്പ്.

## ഉയിർപ്പിന്റെ സന്ദേശം

യേശുവിന്റെ ഉയിർപ്പിന് മറ്റൊരു അർത്ഥമുണ്ട്. അത് പ്രേഷിത പ്രവർത്തനത്തിനുള്ള ക്ഷണമാണ്; പ്രേഷിത ദൗത്യം ഭരമേല്പിക്കലാണ്. യേശുവിന്റെ ഉയിർപ്പിനെപ്പറ്റി ഒരു പരാമർശമല്ലാതെ വിവരണമൊന്നും നല്കാത്ത മർക്കോസ് സുവിശേഷം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: ‘നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും പറയുക: അവൻ നിങ്ങൾക്കു മുമ്പേ ഗലീലിയിലേക്കു പോകുന്നു.... അവിടെ വച്ച് അവനെ നിങ്ങൾ

www.malankaralibrary.com

കാണും' (16:7). യേശുവിന്റെ ക്രൂശാരോഹണവും മരണവും കബറടക്കവും ഉയിർപ്പും യൂദയായിലെ ജറുസലേമിലായിരുന്നുവെന്നത് വ്യക്തമാണ്. എങ്കിൽ ജറുസലേമിൽ ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടാൻ വേണ്ടി ഗലീലിയിലേക്കു പോകുകയും അവരെ അങ്ങോട്ടു ക്ഷണിക്കുകയും ചെയ്യുന്നതെന്തിന്? ഗലീലിയായിലേ പ്രത്യക്ഷപ്പെടാൻ സാധിക്കുകയുള്ളൂവെന്നുണ്ടോ? മാത്രമല്ല ലൂക്കായുടെ സുവിശേഷം അനുസരിച്ച് എമ്മാവൂസിലേക്കുള്ള വഴിമധ്യേ യേശു ശിഷ്യന്മാർക്ക് (രണ്ടുപേർക്ക്) പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. (ലൂക്കാ 24:13–32). ജറുസലേമിൽ കൂടിയിരുന്ന ശിഷ്യന്മാർക്ക് (പതിനൊന്നുപേർ ഉൾപ്പെടെ) യേശു പ്രത്യക്ഷപ്പെടുകയും അവരുടെ മുമ്പിൽവച്ച് അവർ കൊടുത്ത വറുത്ത മീൻ യേശു ഭക്ഷിക്കുകയും ചെയ്തുവെന്ന് ലൂക്കാ 24:30–40 രേഖപ്പെടുത്തിയിരിക്കുന്നു. യേശു പ്രേഷിതദൗത്യം ഭരമേല്പിക്കുന്നതും സ്വർഗ്ഗാരോഹണം ചെയ്യുന്നതും ജറുസലേമിൽവച്ചാണ്. (ലൂക്കാ 24: 44–53). യോഹന്നാന്റെ സുവിശേഷത്തിലും ഇതു തന്നെയാണ് സ്ഥിതി.



മഗ്ദലേന മറിയത്തിനു പ്രത്യക്ഷപ്പെടുന്നത് ജറുസലേമിൽ യേശുവിന്റെ കല്ലറയ്ക്കു അരികിലാണ് (യോഹന്നാൻ 20: 11–18). പത്തു ശിഷ്യന്മാർക്കും തോമസിനും പ്രത്യക്ഷപ്പെടുന്നതും ജറുസലേമിൽ വച്ചു തന്നെയാണെന്നു വേണം യോഹന്നാന്റെ വിവരണത്തിൽനിന്ന് മനസ്സിലാക്കാൻ (യോഹ 20: 19–29). ഉയിർത്തെഴുന്നേറ്റ യേശുവിന് ജറുസലേമിൽ പ്രത്യക്ഷപ്പെടാൻ സാധിക്കുമെങ്കിൽ മർക്കോസ് ഗലീലിയിലേയ്ക്കു യേശു പോകുന്നുവെന്നും ശിഷ്യന്മാരെ അങ്ങോട്ടു ക്ഷണിച്ചുവെന്നും പറയുന്നതിന്റെ അർത്ഥമെന്താണ്? മർക്കോസ് ഉപയോഗിക്കുന്ന ഗ്രീക്കു പ്രയോഗത്തിന്റെ അർത്ഥത്തിലേയ്ക്കാണ് ഈ ചോദ്യം നമ്മെ നയിക്കുന്നത്. 'ഗലീലിയിലേയ്ക്ക്'' (eis ten Galilian-into-Galilee-ഗലീലിയിലേയ്ക്ക്) എന്ന പ്രയോഗത്തിന്റെ

www.malankaralibrary.com

അർത്ഥത്തിലേയ്ക്കാണ്. ഈ പ്രയോഗം മർക്കോസിൽ മൂന്നു പ്രാവശ്യം മാത്രമാണ് കാണുന്നത്. (1:14; 14:28; 16:17). *ആദ്യത്തേത് യേശു തന്റെ മനുഷ്യജീവിതകാലത്ത് ചെയ്ത സുവിശേഷ പ്രവർത്തനത്തെ* കുറിക്കുന്നു. *രണ്ടാമത്തേത് ഉയിർപ്പിനു ശേഷം യേശു ചെയ്യാനിരിക്കുന്ന രണ്ടാം ഘട്ട സുവിശേഷ പ്രവർത്തനത്തെപ്പറ്റി*യുള്ള വാഗ്ദാനമാണ്. *മൂന്നാമത്തേത് രണ്ടാംഘട്ട സുവിശേഷ പ്രവർത്തനം ആരംഭിക്കുന്നു*വെന്നതിനെപ്പറ്റിയാണ്. അതായത് 'ഗലീലിയിലേക്ക്' എന്നത് സുവിശേഷ പ്രവർത്തനം എന്ന അർത്ഥത്തിലാണ് മർക്കോസ് ഉപയോഗിച്ചിരിക്കുന്നത്. സുവിശേഷ പ്രവർത്തനം യേശുവിന്റെ പരസ്യജീവിതത്തിൽ ഒതുങ്ങി നില്ക്കുന്നതല്ല, പരസ്യജീവിതത്തിലേത് യേശുവിന്റെ പുനരാഗമനം വരെ തുടരേണ്ട സുവിശേഷ പ്രഘോഷണ പരിപാടിയുടെ ആരംഭം മാത്രമാണ്. അതുകൊണ്ടു തന്നെയാണ് മർക്കോസ് തന്റെ ഗ്രന്ഥത്തിന് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം എന്ന പേരു കൊടുക്കാതെ സുവിശേഷത്തിന്റെ ആരംഭം എന്ന് പേരു കൊടുത്തിരിക്കുന്നത് (1:1).

## സുവിശേഷപ്രഘോഷണത്തിനുള്ള ആഹ്വാനം

മർക്കോസിനെ സംബന്ധിച്ചിടത്തോളം ഉയിർപ്പ് എന്നത് ശിഷ്യന്മാർക്കുള്ള വാഗ്ദാനവും സുവിശേഷ പ്രഘോഷണത്തിനുള്ള ആഹ്വാനവുമാണ്. സുവിശേഷപ്രഘോഷണം ആത്യന്തികമായും യേശുവിന്റെ പ്രവർത്തനമാണ്. യേശുവാണ് ഗലീലിയിലേയ്ക്കു പോകുന്നത്. യേശുവാണ് യഥാർത്ഥ മിഷനറി. ശിഷ്യന്മാർക്കു യേശുവിനെ അനുഗമിച്ചുകൊണ്ട് യേശുവിന്റെ പ്രവർത്തനത്തിൽ പങ്കുചേരാം. അത്രമാത്രം. ആ പങ്കുചേരലിൽ അവർക്ക് ഉയിർത്ത യേശുവിനെ കാണാനാകും. അതു പഞ്ചേന്ദ്രിയങ്ങൾ കൊണ്ടുള്ള കാഴ്ചയല്ല. 16:7-ൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുക്രിയ (ഹൊറാവോ) ഈ കാഴ്ച പഞ്ചേന്ദ്രിയങ്ങൾക്കതീതമായ ഒന്നാണെന്ന് സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ യേശുവിന്റെ ഉയിർപ്പിന്റെ സന്ദേശമിതാണ് : സുവിശേഷ പ്രഘോഷണത്തിൽ



താളുകളിലൂടെ...

www.malankaralibrary.com

പങ്കുചേരുക അങ്ങനെ ഉയിർത്തെഴുന്നേറ്റ യേശുവിനെ കാണുക.

## മുന്നോട്ടുള്ള കുതിപ്പ്

മർക്കോസിന്റെ സുവിശേഷത്തിലെ ഈ സന്ദേശം മറ്റു സുവിശേഷകന്മാരും അർത്ഥം ഒട്ടും നഷ്ടപ്പെടുത്താതെ വിവരിക്കുന്നുവെന്നതിൽ നിന്ന് ഈ സന്ദേശത്തിന്റെ പ്രാധാന്യവും അനിവാര്യതയും വ്യക്തമാകുന്നു. മത്തായി അത് ഇങ്ങനെയാണ് കൊടുത്തിരിക്കുന്നത്: 'യേശു അവരെ സമീപിച്ച് അരുളിച്ചെയ്തു: .... ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ....' (മത്തായി 28:18–20). ലൂക്കാ ഇങ്ങനെയാണ് പറയുന്നത്. 'പാപമോചനത്തിനുള്ള അനുതാപം അവന്റെ (യേശുവിന്റെ) നാമത്തിൽ ജറുസലേമിൽ ആരംഭിച്ച്. എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു' (24:47). യോഹന്നാൻ ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ... നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും' (യോഹ 20:21-23).


ഉപസംഹാരമായി യേശുവിന്റെ ഉയിർപ്പിനെപ്പറ്റി നമുക്ക് ഇങ്ങനെ പറയാം. ഉയിർപ്പ് എങ്ങനെയെന്നു പറയുക അസാധ്യമാണ്. കാരണം നമ്മുടെ മനസ്സിന്റെയും പഞ്ചേന്ദ്രിയങ്ങളുടെയും വിഷയമാകാനാകാത്തവണ്ണം അത് അഭൗതിക തലത്തിലുള്ളതാണ്. അത് ചരിത്രത്തിൽ നിന്ന് ചരിത്രാതീത തലത്തിലേയ്ക്കുള്ള മാറ്റമാണ്. അത് പിന്നോട്ടുള്ള തിരിയലല്ല, മുന്നോട്ടുള്ള കുതിക്കലാണ്. യേശുവിന്റെ ഉയിർപ്പ് സുവിശേഷ പ്രഘോഷണത്തിനുള്ള ആഹ്വാനവും വെല്ലുവിളിയുമാണ്. യേശുവിനെ കാണാനുള്ള ക്ഷണമാണത്. ആ ക്ഷണം നിറവേറുന്നത് സുവിശേഷ പ്രഘോഷണത്തിൽ യേശുവിനോടു പങ്കു ചേരുമ്പോഴാണ്.


*

താളുകളിലൂടെ...

www.malankaralibrary.com

# ഉത്ഥാനത്തിനു
## തെളിവുണ്ടോ?





**റവ. ഡോ. ജോജു കോക്കാട്ട്**
(സെക്രട്ടറി, കെസിബിസി. ബൈബിൾ കമ്മീഷൻ, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി)

ബൈബിൾ നല്കുന്ന ഏറ്റവും നല്ല വാക്കാണ് ഉയിർപ്പ് അല്ലെങ്കിൽ ഉയിർത്തെഴുന്നേൽപ്പ്. അനാസ്താസിസ് (Anastasis) എന്ന ഗ്രീക്ക് വാക്കാണ് ഉയിർപ്പിനായി പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്[(1)]. മരണത്തിൽനിന്നുള്ള, തകർച്ചകളിൽ നിന്നുള്ള എഴുന്നേൽപ്പ്, ഇരിക്കുന്ന അവസ്ഥയിൽ നിന്നുള്ള എഴുന്നേൽപ്പ് എന്ന അർത്ഥത്തിലാണ് ഈ വാക്കിനെ ഉപയോഗിച്ചിരിക്കുക[(2)]. ഈ പ്രതീക്ഷയാണ് ഈ വാക്കിന്റെ ശക്തി.

ആദിമസഭയിൽ[(3)] ഉത്ഥാനത്തിന് ഉപയോഗിച്ചിരിക്കുന്ന ചിഹ്നം ഫീനിക്സ് പക്ഷിയാണ്. ഗ്രീക്ക് സാഹിത്യത്തിലെ ഒരു ഐതിഹ്യ പക്ഷിയാണ് ഫീനിക്സ്. 500 വർഷമാണ് ഇതിന്റെ ജീവിതകാലഘട്ടം. മരിക്കാറാകുമ്പോൾ ഫിനിസിയ എന്ന സ്ഥലത്തേക്ക് പറന്നുപോയി സുഗന്ധമുള്ള മരക്കൊമ്പ് കൊണ്ട് കൂടുകൂട്ടി, അതിൽ കയറിയിരുന്ന് തീ കൊളുത്തും. ഫിനിക്സ് പക്ഷി കത്തി ചാരമാകും. എല്ലാം ചാരമായിത്തീരുന്ന ശൂന്യമായ അവസ്ഥയിൽ, ചാരത്തിൽ നിന്ന് പുതിയൊരു ഫിനിക്സ് പക്ഷി പറന്നുയരും. ഉയിർപ്പിന് ഇതിലും നല്ലൊരു അടയാളം നല്കാനില്ല.

### ഉത്ഥാന വിവരണങ്ങൾ ബൈബിളിൽ

ജറുസലേമിൽ എ.ഡി. 30 നോടടുത്ത് നടന്ന സംഭവങ്ങൾ വിശുദ്ധ

www.malankaralibrary.com

ഗ്രന്ഥത്തിൽ വസ്തുനിഷ്ഠമായ സാക്ഷ്യങ്ങളിലൂടെ രേഖപ്പെടുത്തി വച്ചിട്ടുണ്ട്. യേശുവിന്റെ മരണ ശേഷം എല്ലാം പരാജയപ്പെട്ടു വെന്ന് കരുതിയിരുന്നവരാണ് എല്ലാവരും. ഉത്ഥാനം എന്നുള്ള യാഥാർത്ഥ്യം അവരുടെ ചിന്ത യിൽപോലും ഇല്ലായിരുന്നു എന്ന താണ് വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് മനസിലാക്കാൻ സാധിക്കുക. 'ഇസ്രായേലിനെ മോചിപ്പിക്കാനു ള്ളവൻ ഇവനാണ് എന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു' (ലൂക്ക 24/21). പ്രതീക്ഷ നഷ്ടപ്പെട്ടവരെയാണ് ഈ വചനത്തിൽ കാണുക.[4] ശിഷ്യ ന്മാർ ഓടിപ്പോയി, അടച്ചിട്ട മുറി കളിൽ ഒളിച്ചു. ഉത്ഥിതനായ ഈ ശോയെ കണ്ടുവെന്ന് മഗ്ദലേന മറിയം പറഞ്ഞപ്പോഴും അവിടന്ന് ഉത്ഥിതനായെന്ന് ചില ശിഷ്യന്മാർ പറഞ്ഞത് കേട്ടപ്പോഴും ശിഷ്യ ന്മാർ വിശ്വസിച്ചില്ല (മർക്കോ 16, 11; 16:12). മരണപ്പെട്ട് കല്ലറയിൽ അടക്കം ചെയ്തപ്പോൾ ഉത്ഥാന മെന്നുള്ള യാഥാർത്ഥ്യം അചിന്ത്യ മായി ശിഷ്യന്മാർ കരുതി. ഉത്ഥി തനായ ക്രിസ്തുവുമായുള്ള കണ്ടു മുട്ടൽ മാത്രമാണ് ഉത്ഥാനമെന്ന വിശ്വാസസത്യത്തിന്റെ ആധാര മായി ശിഷ്യർക്ക് അനുഭവപ്പെട്ടത്. അത് ഉത്ഥിതനായ ക്രിസ്തുവി ലുള്ള ആവേശപൂർണമായ വിശ്വാ സത്തിലേക്ക് ആദിമസഭയെ നയിച്ചു. ഓരോ ക്രിസ്ത്യാനിയും ഓരോ ഫീനിക്സ് പക്ഷിയാ ണെന്ന വിശ്വാസാനുഭവത്തിലേക്ക് അവർ വളർന്നു.

## ഉത്ഥാനത്തിന് നല്കാവുന്ന തെളിവുകൾ

ക്രിസ്തുവിന്റെ ഉയിർപ്പ് ഒരു ചരിത്രവസ്തുതയാണ്. ഉത്ഥാന സംബന്ധിയായ രണ്ടുതരം വിവര ണങ്ങളാണ് വേദപുസ്തകത്തിൽ കാണുന്നത്. ഉത്ഥാന പ്രഘോഷ ണങ്ങളും (Easter Kerigma), ഉത്ഥാന സംഭവ വിവരണങ്ങളും (Easter events)[5]. ശാസ്ത്രീയ തെളിവുക ളോടെ സ്ഥാപിച്ചെടുക്കാൻ പറ്റുന്ന ഒരു കാര്യമല്ല ഉത്ഥാനം. ഉത്ഥാന ത്തിന് വ്യക്തിപരവും, സമൂഹപരവു മായ ശക്തമായ ചരിത്ര സാക്ഷ്യങ്ങ ളുണ്ട്. (CCC 639-644, 647, 656–657)[6].

### (a) ഉത്ഥാന പ്രഘോഷണങ്ങൾ

ഉത്ഥാന പ്രഘോഷണങ്ങളാണ് ഏറ്റവും പഴക്കമുള്ളത്. വി. പൗലോ സിന്റെ കോറിന്തോസുകാർ ക്കുള്ള ഒന്നാം ലേഖനത്തിലെ പതി നഞ്ചാം അദ്ധ്യായത്തിൽ നല്കുന്ന വിവരണമാണ് ഉത്ഥാനത്തിന്റെ ഏറ്റവും പഴയ സാക്ഷ്യം[7]. ക്രിസ്തു

www.malankaralibrary.com

വിന്റെ മരണശേഷം ഇരുപത് വർഷം കഴിഞ്ഞ് എഴുതിയതാണത്. 'എനിക്ക് ലഭിച്ചത് സർവ്വപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചു തന്നു.... അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടു പേർക്കും പ്രത്യക്ഷനായി. അതിനുശേഷം അഞ്ഞൂറിലധികം സഹോദരർക്ക് പ്രത്യക്ഷനായി. അവരിൽ ഏതാനും പേർ മരിച്ചുപോയി, മിക്കവരും ഇന്നും ജീവിച്ചിരിപ്പുണ്ട്' (1 കോറി 15:3-6). 'എനിക്ക് ലഭിച്ചതാണ്' എന്ന് പ്രസ്താവിച്ചുകൊണ്ടാണ് പൗലോസ് ആരംഭിക്കുന്നത്. പൗലോസിന്റെ ഡമാസ്കസ് അനുഭവമാണ് ഇവിടെ സാക്ഷ്യപ്പെടുത്തുന്നത്. ഡമാസ്കസ് അനുഭവത്തോടെ അത്തരത്തിലുള്ള പ്രത്യക്ഷവൽക്കരണങ്ങളുടെ പരമ്പര അവസാനിപ്പിക്കുന്നുവെന്നാണ് സൂചന[8]. 'ഏറ്റവും ഒടുവിൽ അകാലജാതനെപോലെ എനിക്കവിടുന്ന് പ്രത്യക്ഷനായി' (1 കോറി 19:8) എന്ന് പ്രസ്താവിക്കുമ്പോൾ ഉത്ഥാനത്തിന്റെ പ്രത്യക്ഷവൽക്കരണങ്ങൾ അവിടെ അവസാനിപ്പിക്കുന്നുവെന്നും, ഇനി പ്രഘോഷണത്തിന്റെ നാളുകളാണെന്നുള്ള സൂചനയും നല്കുന്നു.

'പ്രത്യക്ഷനായി' ('Ophthe') എന്ന പ്രയോഗത്തിലൂടെ ദൈവത്തിന്റെ വെളിപ്പെടുത്തലാണ് ഉത്ഥാനം എന്ന് വ്യക്തമാവുകയാണ്. കർത്തരി പ്രയോഗത്തിൽ (Active voice) ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, ദൈവമാണ് മുൻകൈയ്യെടുക്കുന്നത്. ഇത് മനുഷ്യൻ കണ്ടുപിടിക്കുന്നതോ, മനുഷ്യന്റെ തോന്നലോ അല്ലായെന്ന് സാരം. ശാസ്ത്രീയ വെളിവുകൾക്കപ്പുറത്ത് ദൈവത്തിന്റെ വെളിപ്പെടുത്തലാണ് പ്രധാനം[9].

**വി. ലൂക്ക അപ്പസ്തോല പ്രവർത്തനങ്ങളിൽ ഉത്ഥാന പ്രഘോഷണ സാക്ഷ്യങ്ങൾ നല്കുന്നുണ്ട്[10]. (അപ്പ 2:22-24; 32-36; 3:13-15; 4:10-12; 5:10-12)**. ഈ പ്രഘോഷണ സാക്ഷ്യങ്ങളിലെ പദങ്ങളും പ്രയോഗങ്ങളും ലൂക്കായുടെ ചിന്തയോടും ഭാഷയോടും പൊരുത്തപ്പെട്ടു പോകുന്നതല്ല. അതിനാൽ അന്ന് നിലനിന്നിരുന്ന സാക്ഷ്യങ്ങൾ അതേപടി ലൂക്ക സാക്ഷ്യപ്പെടുത്തിയിരിക്കുന്നുവെന്ന് സാരം. 'നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി.....' (2:36) എന്ന പ്രസ്താവന ലൂക്കായുടെ സുവിശേഷത്തിന്റെ വിവരണത്തിൽ നിന്ന് വളരെ വ്യത്യസ്തമായ ശൈലിയാണ്. ആയതിനാൽ ഉത്ഥാന പ്രഘോഷണങ്ങൾ

www.malankaralibrary.com

ലൂക്കായുടെയോ പൗലോസിന്റെയോ സൃഷ്ടിയല്ല; പ്രത്യുത അതവർക്ക് ലഭിച്ചതാണ്. വസ്തുനിഷ്ഠമായ കാര്യമായതുകൊണ്ട് ശൈലിക്കോ ഭാഷയ്ക്കോ ഭംഗം വരാതെ കൈമാറാനാണ് അവർ ശ്രമിച്ചത്. അത് ആദിമ ക്രൈസ്തവ സമൂഹത്തിൽ നിലനിന്നിരുന്ന സാക്ഷ്യമാണ്[11]. ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും കഴിഞ്ഞ് രണ്ടോ മൂന്നോ വർഷങ്ങൾക്ക് ശേഷം നിലനിന്നതുമാണ്. ഉത്ഥിതനായ ക്രിസ്തുവുമായുണ്ടായ ശക്തമായ കണ്ടുമുട്ടലിന്റെ അടിസ്ഥാനത്തിലാണ് പൗലോസ് ശ്ലീഹാ ക്രിസ്ത്യാനിയായത്.

### (b) ഉത്ഥാന സംഭവ വിവരണങ്ങൾ


ശിഷ്യരുടെ ചിന്തയിൽ പോലും വരാതിരുന്ന ഒരു യാഥാർത്ഥ്യമായിരുന്നു ഉയിർപ്പ്. അതിനാലാണ് പീഡാസഹന കുരിശുമരണം ശിഷ്യരെ ഇതികർത്തവ്യമൂഢരാക്കി മാറ്റിയതും. ഭയപ്പാടിൽ അവർ ഓടിയൊളിച്ചതും. പീഡാസഹന കുരിശുമരണ ഉത്ഥാന പ്രവചനങ്ങളാൽ (മത്തായി 16:21; 17:22-23; 20:19) ശിഷ്യരെ ഒരുക്കുവാൻ പരിശ്രമിക്കുന്ന യേശുവിനു പോലും അറിയാമായിരുന്നു ഉത്ഥാനമെന്നത് ജീവിതാനുഭവത്തിലേക്ക് കടന്നു വരുന്ന നിമിഷം വരെ ഈ സത്യം അറിവിനും അതീതമാണെന്ന്.

ഉത്ഥാന അനുഭവത്തിലേക്ക് നയിച്ച ഉത്ഥാന വിവരണങ്ങളിൽ രണ്ട് കാര്യങ്ങളാണ് ഉള്ളത്:

### 1. ശൂന്യമായ കല്ലറ

(മത്തായി 28:6, ലൂക്ക 24:3)

ഉത്ഥാനമെന്ന യാഥാർത്ഥ്യത്തിന്റെ ഒന്നാമത്തെ സൂചനയായി 'ശൂന്യമായ കല്ലറ'[12] നാലു സുവിശേഷകന്മാരും രേഖപ്പെടുത്തുന്നു (മർക്കോ 16:6, യോഹ 20:13). യേശുവിന്റെ ശരീരം കല്ലറയിൽ ഇല്ലായിരുന്നു എന്നത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്. ശൂന്യമായ കല്ലറ ഒരു കല്പിത കഥയായിരുന്നുവെങ്കിൽ കുറെക്കൂടി കെട്ടുറപ്പോടെ ഒരു കല്പിതകഥയായി അവതരിപ്പിക്കാമായിരുന്നു. സ്ത്രീകളുടെ സാക്ഷ്യത്തിന് വിലയില്ലാതിരുന്ന കാലഘട്ടത്തിൽ മെനഞ്ഞെടുത്ത കഥയായിരുന്നുവെങ്കിൽ പുരുഷന്മാരായിരുന്നു സാക്ഷികളാകേ



www.malankaralibrary.com

ണ്ടിയിരുന്നത്. ഇവിടെ സ്ത്രീകളുടെ സാക്ഷ്യമാണ് കല്ലറ ശൂന്യമായിരുന്നു എന്ന യാഥാർത്ഥ്യം ഉറപ്പിക്കുന്നത്. സമൂഹം അംഗീകരിക്കാത്ത സ്ത്രീകൾ സാക്ഷ്യപ്പെടുത്തിയാൽപോലും സത്യമായിരുന്ന യാഥാർത്ഥ്യമായിരുന്നു ഉത്ഥാനം.(13) കൂടാതെ കല്ലറ ശൂന്യമായിരുന്നുവെന്ന് ശത്രുക്കൾ പോലും സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനവർ കണ്ടുപിടിച്ചത് ശരീരം കളവുപോയി എന്ന കാരണമാണ്.

ശൂന്യമായ കല്ലറ രണ്ട് കാര്യങ്ങളാണ് വ്യക്തമാക്കുക: 1. ഉത്ഥാനത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. മർത്യശരീരം അമർത്യശരീരമായി രൂപാന്തരപ്പെടുന്നു. കല്ലറയിൽ ശരീരം ഉണ്ടായിരുന്നുവെങ്കിൽ ഈ ശരീരത്തിന് പ്രസക്തിയില്ലാതാകുമായിരുന്നു. 2. മരിച്ചവൻ തന്നെയാണ് ഉയിർത്തത് എന്നതിന്റെ സൂചനയാണ് ശൂന്യമായ കല്ലറ. കല്ലറയിൽ ക്രൂശിതന്റെ ശരീരം ഉണ്ടായിരുന്നുവെങ്കിൽ മറ്റൊരാളാണ് ഉയിർത്തത് എന്ന് ചിന്തിക്കാമായിരുന്നു.(14)

## 2. പ്രത്യക്ഷപ്പെടൽ

കല്ലറ ശൂന്യമായതിനാൽ യേശു ഉയിർക്കണമെന്നുണ്ടോ? അതിനാലാണ് ശരീരം എടുത്തുകൊണ്ട്



പോയി എന്നതിന് സാധ്യത വരുന്നത്. എന്നാൽ കല്ലറ ശൂന്യമായിരിക്കുന്നത് ഉത്ഥാനം മൂലമാണെന്ന് യേശുവിന്റെ പ്രത്യക്ഷവൽക്കരണങ്ങൾ തെളിയിക്കുന്നു.(15) ശൂന്യമായ കല്ലറ അപ്പസ്തോലനായ യോഹന്നാൻ 'കണ്ടു വിശ്വസിച്ചു' എന്ന് നാം വായിക്കുന്നു. എന്നാൽ പ്രത്യക്ഷപ്പെടലുകളുടെ ഒരു പരമ്പരയ്ക്കുശേഷമാണ് യേശു ജീവിച്ചിരിക്കുന്നുവെന്ന് പൂർണമായ ഉറപ്പുണ്ടായത്. ഉത്ഥിതനായ കർത്താവുമായുള്ള കണ്ടുമുട്ടലുകൾ ശൂന്യമായ കല്ലറ കണ്ടവരെയെല്ലാം ഉത്ഥാന അനുഭവത്തിലേക്കും, വിശ്വാസത്തിലേക്കും നയിച്ചു.

ചരിത്രപുരുഷനായ യേശുവിനെ നേരിൽ കണ്ടവരും അവന്റെ ദൗത്യത്തിന് സാക്ഷികളായവരു

www.malankaralibrary.com

മാണ് ശിഷ്യന്മാർ. അതുകൊണ്ട് ഉത്ഥാനം ചെയ്ത യേശുവും ചരിത്രത്തിൽ ജീവിച്ച യേശുവും ഒന്നു തന്നെയാണെന്നതിനുള്ള സാക്ഷ്യമാണ് 'അത് കർത്താവാണ്' എന്ന വചനത്തിൽ തെളിഞ്ഞിരിക്കുന്നത്. (യോഹ 21:7).

ശിഷ്യന്മാരുടെ ഉത്ഥാനാനുഭവം തുടർന്നു ലഭിക്കുന്നില്ല. ഞങ്ങൾക്ക് പ്രത്യക്ഷപ്പെട്ടത് പോലെ, നിങ്ങൾക്ക് പ്രത്യക്ഷപ്പെടുമെന്ന് പൗലോസ് ശ്ലീഹാ പറഞ്ഞുവെക്കുന്നില്ല. 1 കോറിന്തോസ് 15,8–ൽ പൗലോസ് ശ്ലീഹാ ഇത് വ്യക്തമായി പറഞ്ഞുവെയ്ക്കുന്നു: 'അവസാനമായി എനിക്കും പ്രത്യക്ഷപ്പെട്ടു' അപ്പസ്തോലന്മാരുടെ ഉത്ഥാനാനുഭവത്തിന്റെ അനന്യതയാണ് വി. യോഹന്നാനും, പത്രോസ് ശ്ലീഹായും, പൗലോസ് ശ്ലീഹായും പറഞ്ഞുവെയ്ക്കുന്നത്. (യോഹ 20:29; 1 പത്രോ 1:8; 1 കോറി 15:8). 'കണ്ടു വിശ്വസിച്ചവരും കാണാതെ വിശ്വസിച്ചവരും' എന്ന യോഹന്നാന്റെ വിവരണം ഈ അനന്യതയും വ്യതിരിക്തതയുമാണ് വ്യക്തമാക്കുക. ചരിത്രപുരുഷനായ യേശുവിനെ കണ്ടവർ ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകൾ അനുഭവമാക്കിമാറ്റുന്നു.[16] ചരിത്രത്തിലെ യേശുവിനെ കാണാതെ ശിഷ്യന്മാരുടെ സാക്ഷ്യങ്ങൾ കേട്ട് വിശ്വസിച്ചവരാണ് ക്രൈസ്തവർ.

## ഉപസംഹാരം

ഉത്ഥാനസത്യം ലോകത്തിന് വലിയ പ്രതീക്ഷ നല്കി. മരണം ഇനിമേൽ എല്ലാറ്റിന്റെയും അവസാനമല്ല. യേശുവിന്റെ മേൽ മരണത്തിന് 'ഇനിമേൽ അധികാരമില്ല' (റോമ 6:9). ക്രിസ്തുവിന്റേതായിരിക്കുന്ന നമ്മുടെ മേലും അതിന് അധികാരമില്ല (CCC 655–685)[17] ഇന്നും ജീവിക്കുന്ന കർത്താവുമായുള്ള കണ്ടുമുട്ടലുകൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. എല്ലാ ക്രിസ്തുശിഷ്യരും ഉയിർപ്പിന്റെ മക്കളാണ്. ആദ്യനൂറ്റാണ്ടുകളിൽ യഹൂദരിൽ നിന്നും റോമാസാമ്രാജ്യത്തിൽ നിന്നും കഠോരമായ മതപീഡനം ഏറ്റുവാങ്ങിയപ്പോൾ ക്രിസ്ത്യാനികളുടെ പ്രത്യുത്തരം ഇപ്രകാരമായിരുന്നു. ഞങ്ങൾ ഭയമില്ലാത്തവരാ... കാരണം ഞങ്ങൾ ഉയിർപ്പിന്റെ മക്കളാ.... ഹല്ലേലൂയ ഞങ്ങളുടെ പ്രാർത്ഥനാ ഗീതമാണ്'.

"We are all Easter people. Hallelluia is our Song". ഉത്ഥാനം ലോകത്തിന് പ്രതീക്ഷയും സന്തോഷവും നല്കി.

താളുകളിലൂടെ...

www.malankaralibrary.com

Notes


1. Greek Lexicon - Anastasis : Mt 16:21; 22:23; 22:28; 22:30; Mk 12:23; Lk 20:36; Jn 11:25
2. John Paulien, The Resurrection and the New Testament; Andrews University Press, California, 2012.
3. Allison. Dale/ Resurrecting Jesus: The Earliest Christian Tradition and Its interpreters, T & T Clark, New York, 2005.
4. കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം, POC, 2011, 105
5. Sebastian Panjikaran, Introduction to Christology, P1A, Aluva, 2017.
6. CCC 639-644; 647; 656-657.
7. Cameron, R. and Miller, M. Redescribing Paul and the Corinthians. Early Christianity and Its Literature, SBL Press, Atlanta, 2011-Gerhardson, Birger. 'Evidence.
8. Sebastian Panjikaran, Introduction to Christology, P1A, Aluva, 2017.
9. Ibid
10. Keener, Craig. 1-2 Corinthians, Cambridge university Press, 2005
11. Craig, William. Assessing the New Testament Evidence for the Historicity of the Resurrection, Mellen Press, NY.
12. Cavin Robert. 'Is there Sufficient Historical 'Evidence to Establish the Resurrection of Jesus? The Empty Tomb: Jesus Beyond the Grave, Amherst, New York, 2005.
13. കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം, POC, 2011, 106
14. Sebastian Panjikaran, Introduction to Christology, P1A, Aluva, 2017
15. Atkins, J. D. the Doubt of the Apostles and the Resurrection Faith of the Early Church: The Post Resurrection Appearance stories of the Gospel in Ancient Reception and Modern Debate, Mohar Siebeck, Tubingen, 2019
16. Sebastian Panjikaran, Introduction to Christology P1A, Aluva, 2017.
17. CCC 655-685

www.malankaralibrary.com

# കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം: പ്രധാന വിശ്വാസരഹസ്യങ്ങൾ

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തെക്കുറിച്ചുള്ള പഠനപരമ്പര -3



റവ. ഡോ. ജോസ് പുതിയേടത്ത്

നമ്മുടെ കർത്താവായ യേശുക്രിസ്തുവിനാൽ സ്ഥാപിതമായ സഭ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയും, ക്രിസ്തുവിന്റെ മൗതിക ശരീരവും, രക്ഷയുടെ കൂദാശയുമാണ്. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന വിശ്വാസസത്യങ്ങളുടെ സംഹിതയെയാണ് കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം എന്നു പറയുന്നത്. കത്തോലിക്കാസഭയിൽ, പ്രത്യേകിച്ച് ആദിമസഭയിൽ വിവിധ വിശ്വാസ പ്രമാണങ്ങൾ നിലനിന്നിരുന്നു. എന്നാൽ പിന്നീട് അവയെല്ലാം ക്രോഡീകരിച്ച് നിഖ്യാസൂനഹദോസിൽവച്ച് കത്തോലിക്കാസഭക്ക് പൊതുവായ ഒരു വിശ്വാസപ്രമാണം രൂപീകരിക്കപ്പെട്ടു. എങ്കിലും ഇന്ന് കത്തോലിക്കാസഭയിൽ പ്രധാനമായും രണ്ടു വിശ്വാസപ്രമാണങ്ങളാണ് ഉള്ളത്. അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണമെന്നും നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണമെന്നുമാണ് അവ അറിയപ്പെടുന്നത്.

ആദിമസഭ മുതൽ നിലനിന്നിരുന്ന വിശ്വാസപ്രമാണമാണ് അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം. മാമ്മോദീസായുടെ അവസരത്തിൽ മാമ്മോദീസ അർത്ഥികൾ ഏറ്റുചൊല്ലിയിരുന്ന വിശ്വാസപ്രമാണമാണത്. ഈ വിശ്വാസപ്രമാണത്തിൽ പ്രധാനമായും കത്തോലിക്കാസഭ വിശ്വസിച്ച് ഏറ്റുപറയുന്ന പന്ത്രണ്ടു വിശ്വാസ സത്യങ്ങളാണ് ഉൾചേർത്തിരിക്കുന്നത്. അപ്പസ്തോലന്മാരുടെ കാലത്ത് രൂപീകൃതമായതിനാലാണ് ഈ വിശ്വാസപ്രമാണത്തെ അപ്പസ്തോലന്മാരുടെ വിശ്വാസപ്ര

www.malankaralibrary.com



മാണം എന്ന് പറയുന്നത്. പന്ത്രണ്ട് അപ്പസ്തോലന്മാർ ഏറ്റുപറഞ്ഞ വിശ്വാസത്തിന്റെ ഒരു സംഹിത എന്ന നിലയിലും ഈ വിശ്വാസപ്രമാണത്തിന് അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം എന്ന പേര് അന്വർത്ഥമാണ്.

എഡി 325-ൽ കൂടിയ നിഖ്യാ സൂനഹദോസ് അന്ന് വിവിധസ്ഥലങ്ങളിലെ സഭകളിൽ നിലവിലിരുന്ന വിവിധ വിശ്വാസപ്രമാണങ്ങൾ ക്രോഡീകരിച്ച് എല്ലാ സഭകൾക്കും പൊതുവായ ഒരു വിശ്വാസപ്രമാണം രൂപീകരിച്ചു. പാശ്ചാത്യ പൗരസ്ത്യ സഭകളെല്ലാം പങ്കുചേർന്ന സാർവ്വത്രിക സൂനഹദോസ് ആയിരുന്നു അത്. നിഖ്യാ വിശ്വാസപ്രമാണം എന്ന പേരിലാണ് ഈ വിശ്വാസപ്രമാണം അറിയപ്പെടുന്നത്. പാശ്ചാത്യ പൗരസ്ത്യ സഭകളെല്ലാംതന്നെ (കത്തോലിക്കരും അകത്തോലിക്കരും ഉൾപ്പെടെ) അംഗീകരിക്കുന്ന വിശ്വാസപ്രമാണമാണിത്. അതിനുശേഷം 381-ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് കൂടിയ സൂനഹദോസ് നിഖ്യാ സൂനഹദോസിന്റെ വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് പരാമർശിക്കുന്ന ഭാഗത്ത് **“പിതാവിൽനിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു”** എന്നതിനു പകരം **“പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു”** എന്ന മാറ്റം വരുത്തി സൂനഹദോസ് പാസാക്കി. ഈ വിശ്വാസപ്രമാണമാണ് ***നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം*** എന്ന പേരിൽ അറിയപ്പെടുന്നത്. കത്തോലിക്കാസഭയിലെ എല്ലാ സഭകളും ഈ വിശ്വാസപ്രമാണമാണ് ഇന്ന് ഉപയോഗിക്കുന്നത്.


## വിശ്വാസപ്രമാണത്തിലെ പ്രധാന രഹസ്യങ്ങൾ

അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിൽ പ്രധാനമായും പന്ത്രണ്ട് വിശ്വാസ രഹസ്യങ്ങളാണ് ഉൾചേർത്തിട്ടുള്ളത്. നിഖ്യാ

www.malankaralibrary.com

–കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണത്തിലാകട്ടെ അപ്പസ്തോല ന്മാരുടെ വിശ്വാസ പ്രമാണത്തിലെ ഓരോ രഹസ്യങ്ങളേയും കുറച്ചു കൂടി ആഴത്തിൽ വ്യാഖ്യാനിക്കു കയും വിശദീകരിക്കുകയും പ്രഖ്യാ പിക്കുകയും ചെയ്തിരിക്കുന്നു. ഈ വിശ്വാസ രഹസ്യങ്ങൾ താഴെ പറയുന്നവയാണ്.

1. **സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടേയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.** കത്തോലിക്കാ സഭയുടെ വിശ്വാസപ്രമാണത്തിലെ ഒന്നാമത്തെ രഹസ്യം സർവ്വശ ക്തനും പിതാവുമായ ഏക ദൈവ ത്തിലുള്ള വിശ്വാസമാണ്. ഈ ദൈവം സർവ്വശക്തനാണന്നും, ആകാശവും ഭൂമിയും അതിലുള്ള സകലതും സൃഷ്ടിച്ചു പരിപാലി ക്കുന്ന ദൈവമാണന്നും നമ്മൾ വിശ്വസിച്ച് ഏറ്റുപറയുന്നു. ദൈവം സ്രഷ്ടാവാണന്നു പറയുമ്പോൾ അവിടുന്ന് ദൃശ്യപ്രപഞ്ചത്തിന്റെ മാത്രമല്ല അദൃശ്യപ്രപഞ്ചത്തിന്റെ കൂടി സ്രഷ്ടാവാണന്ന് നിഖ്യാ സൂനഹദോസിന്റെ വിശ്വാസപ്രമാ ണത്തിൽ പ്രഖ്യാപിക്കപ്പെട്ടു. ഈ സൃഷ്ടപ്രപഞ്ചം വളരെ വലുതും



വൈവിധ്യം നിറഞ്ഞതും, പ്രാപ ഞ്ചിക ശക്തികൾ നിറഞ്ഞതുമാണ്. അതിന്റെയെല്ലാം സ്രഷ്ടാവായ ദൈവത്തിന്റെ മഹത്വവും ശക്തിയും ഈ സൃഷ്ടപ്രപഞ്ചം വിളിച്ചോ തുന്നു.

2. **അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോ മിശിഹായിൽ ഞാൻ വിശ്വസിക്കുന്നു.** കത്തോലിക്കാസഭയുടെ വിശ്വാസ പ്രമാണത്തിലെ രണ്ടാമത്തെ രഹസ്യം ദൈവത്തിന്റെ ഏകപു ത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസ മാണ്. ഈശോമിശിഹാ ദൈവ ത്തിന്റെ ഏകജാതനാണന്നും അവി

www.malankaralibrary.com

ടുന്ന് മനുഷ്യകുലത്തിന്റെ രക്ഷക നാണന്നും ഈ രഹസ്യംവഴി സഭ ഏറ്റുപറയുന്നു. ഈശോ കർത്താവാണെന്ന് ഏറ്റുപറയുന്നവ രാണ് ക്രിസ്തുശിഷ്യർ. ക്രിസ്തു വിനെ രക്ഷകനായി അംഗീകരിച്ച് ഏറ്റുപറയുന്നവരുടെ സമൂഹമാണ് സഭ. കത്തോലിക്കാസഭയുടെ വിശ്വാസത്തിന്റെ മൂലക്കല്ലാണ് ഈശോ ദൈവപുത്രനും കർത്താ വുമാണെന്നുള്ള വിശ്വാസം.


3. **അവിടുന്ന് പരിശുദ്ധാത്മാ വിനാൽ ഗർഭസ്ഥനായി കന്യകാ മറിയത്തിൽനിന്നു പിറന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.** ഈ രഹ സ്യത്തിൽ ഈശോമിശിഹായുടെ ജനനവുമായി ബന്ധപ്പെട്ട കാര്യങ്ങ ളാണ് നമ്മൾ ഏറ്റുപറയുന്നത്. ഈശോ കന്യകാമറിയത്തിൽ നിന്നും ജനിച്ചുവെന്നും, അവി ടുന്നു ജനിച്ചത് പുരുഷ സംസർഗ ത്താലല്ലെന്നും മറിച്ച് പരിശുദ്ധാ ത്മാവിന്റെ ശക്തിയാലാണെന്നും വളരെ വ്യക്തവും ശക്തവുമായി ഏറ്റുപറയുന്ന വിശ്വാസ രഹസ്യമാ ണിത്. ഈശോ ഒരു ചരിത്രപുരുഷ നല്ലെന്നും ഒരു പുരാണകഥാപാത്രം മാത്രമാണന്നും പറയുന്നവർ ക്കുള്ള മറുപടി കൂടിയാണ് യേശു



പരിശുദ്ധകന്യകാമറിയത്തിൽ നിന്നും ജനിച്ചു എന്ന ഈ വിശ്വാ സപ്രഖ്യാപനം.

4. **അവിടുന്ന് പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡ കൾ സഹിച്ച് കുരിശിൽ തറയ്ക്ക പ്പെട്ട് മരിച്ച് അടക്കപ്പെട്ടു എന്നു ഞാൻ വിശ്വസിക്കുന്നു.** യേശുവിന്റെ മരണത്തിന്റ കാലവും രീതിയും വ്യക്തമാക്കുന്ന വിശ്വാസ രഹസ്യ മാണിത്. യേശു ഒരു പുരാണകഥ യിലെ കഥാപാത്രമല്ലെന്നും, അവി ടുന്ന് ജറുസലേമിലെ റോമൻ ഭര ണാധികാരിയായിരുന്ന പന്തി യോസ് പീലാത്തോസിന്റെ കാല ത്താണ് കുരിശിന്മേൽ തറയ്ക്ക പ്പെട്ട് മരിച്ചതെന്നും അടക്കംചെയ്യ

www.malankaralibrary.com



പ്പെട്ടതുമെന്നുമുള്ള ചരിത്രസത്യം ഏറ്റുപറയുന്ന വിശ്വാസപ്രമാണ മാണിത്. എല്ലാ സുവിശേഷങ്ങ ളിലും യേശുവിന്റെ മരണത്തി ന്റേയും അടക്കം ചെയ്യലിന്റേയും വിവരണം കാണാൻ സാധിക്കും (മർക്കോ. 15:33-47). ദൈവപുത്ര നായ യേശു മരിച്ചിട്ടില്ലെന്നു പറയു ന്നവർക്കും (യേശു മരിച്ചിട്ടില്ലെന്നും മരിച്ചതായി കാണപ്പെടുക മാത്ര മാണ് ചെയ്തതെന്നും പറയുന്ന ആളുകൾ ആദിമസഭയിൽ ഉണ്ടാ യിരുന്നു) യേശു ചരിത്രപുരുഷന ല്ലെന്നു പറയുന്നവർക്കുമുള്ള ഒരു മറുപടികൂടിയാണ് ഈ വിശ്വാസ പ്രഖ്യാപനം.

5. **അവിടുന്ന് പാതാളങ്ങളിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംനാൾ ഉയിർത്തു എന്നു ഞാൻ വിശ്വസിക്കുന്നു.** യേശു വിന്റെ ഉത്ഥാനം വിളിച്ചോതുന്ന വിശ്വാസ രഹസ്യമാണിത്. അവി ടുന്ന് ഉത്ഥാനം ചെയ്തിട്ടില്ലെന്ന് പറ യുന്നവർക്കുള്ള മറുപടി കൂടിയാണ് ഈ വിശ്വാസപ്രഖ്യാപനം. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതു പോലെ യേശുക്രിസ്തു മരിച്ചവ രുടെ ഇടയിൽനിന്ന് ഉയിർപ്പിക്കപ്പെ ട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്; നിങ്ങളുടെ വിശ്വാ സവും വ്യർത്ഥമാണ്. മാത്രമല്ല ഞങ്ങൾ ദൈവത്തിനുവേണ്ടി കപ ടസാക്ഷ്യം നൽകുന്നവരായിതീ രുന്നു. എന്തെന്നാൽ, ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചുവെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു (1.കോറി. 15:14-15). പന്തക്കുസ്താ ദിനത്തിലെ വിശുദ്ധ പത്രോസിന്റെ പ്രസംഗത്തിൽ പത്രോസ് പറഞ്ഞു: നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം അവനെ മരിച്ചവരുടെ ഇട യിൽനിന്ന് ഉയിർപ്പിച്ചു. അതിന് ഞങ്ങൾ സാക്ഷികളാണ് (അപ്പ. പ്രവ. 2:32).

6. **അവിടുന്ന് സ്വർഗത്തിലേ ക്കെഴുന്നള്ളി പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നു എന്നു ഞാൻ**

www.malankaralibrary.com



**വിശ്വസിക്കുന്നു.** വിശ്വാസപ്രമാണത്തിലെ വലിയ ഒരു പ്രഖ്യാപനമാണ് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിലുള്ള വിശ്വാസം. യേശുവിന്റെ ഉത്ഥാനത്തിനുശേഷം നാൽപതാംദിവസം അവിടുന്ന് ഒലിവുമലയിൽവച്ച് തന്റെ ശിഷ്യന്മാരോടു സംസാരിച്ചുകൊണ്ടിരിക്കെ സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തു ഭാഗത്ത് ഉപവിഷ്ടനായി. ശിഷ്യന്മാർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് അവരുടെ വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു (മർക്കോ. 16:19–20). വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു: യേശു അവരെ ബഥാനിയവരെ കൂട്ടിക്കൊണ്ടുപോയി, കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കെ അവൻ അവരിൽനിന്ന് മറയുകയും സ്വർഗത്തിലേക്ക് സംവഹിക്കപ്പെടുകയും ചെയ്തു (ലൂക്കാ. 24:50–51).

7. **അവിടുന്ന് ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ വീണ്ടും വരുമെന്ന് ഞാൻ വിശ്വസിക്കുന്നു.** കത്തോലിക്കാ വിശ്വാസപ്രമാണത്തിലെ പ്രധാനപ്പെട്ട ഒരു വിശ്വാസ രഹസ്യമാണ് യേശുവിന്റെ രണ്ടാം വരവിലുള്ള വിശ്വാസം. യേശുവിന്റെ സ്വർഗാരോഹണത്തിന്റെ അവസരത്തിൽ ശിഷ്യന്മാരെല്ലാവരും ആകാശത്തിലേക്കു നോക്കിനിൽക്കെ രണ്ടു മാലാഖമാർ പ്രത്യക്ഷപ്പെട്ടിട്ടു അവരോടു പറഞ്ഞു: അല്ലയോ ഗലീലിയരെ നിങ്ങൾ ആകാശത്തിലേക്ക് നോക്കിനിൽക്കുന്നതെന്ത്. നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ

www.malankaralibrary.com

കണ്ടതുപോലെ തിരിച്ചുവരും (അപ്പ. പ്രവ. 1:11). ഈ രണ്ടാംവരവ് ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിക്കാനുള്ള വരവാണെന്നും സഭ വിശ്വസിച്ച് ഏറ്റുപറയുന്നു.

8. **സത്യാത്മാവും ജീവദാതാവുമായ എക പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു.** കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണത്തിലെ വളരെ ശക്തമായ ഒരു വിശ്വാസരഹസ്യമാണിത്. യേശു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു. തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ച് അവിടുന്ന് പഠിപ്പിച്ചു (യോഹ. 7: 37–39). യേശു തന്റെ സ്വർഗാരോഹണത്തിനുമുമ്പ്



ശിഷ്യന്മാരോടു പറഞ്ഞു: ഇതാ എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ ഞാൻ അയക്കുന്നു. ഉന്നതത്തിൽനിന്നുള്ള ശക്തി ധരിക്കുന്നതുവരെ നിങ്ങൾ ഈ നഗരത്തിൽ തന്നെ വസിക്കുവിൻ (ലൂക്കാ. 24:49). ഈ കാര്യം അപ്പസ്തോലന്മാരുടെ പ്രവർത്തനത്തിൽ പ്രത്യേകം സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്: നിങ്ങൾ ജറുസലേം വിട്ടുപോകരുത്. എന്നിൽ നിന്ന് നിങ്ങൾ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. എന്തെന്നാൽ, യോഹന്നാൻ ജലം കൊണ്ട് സ്നാനം നൽകി, നിങ്ങളാകട്ടെ ഏറെ താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും (അപ്പ. പ്രവ. 1:14–5). ദൈവത്തിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവ് ആരാണന്ന ചോദ്യത്തിന് ഉത്തരമായിട്ടാണ് നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു എന്ന് പ്രഖ്യാപിക്കുവാൻ കാരണമായത്.

9. **വിശുദ്ധ കത്തോലിക്കാ സഭയിലും ഞാൻ വിശ്വസിക്കുന്നു.**

www.malankaralibrary.com

വിശ്വാസപ്രമാണത്തിലെ പ്രധാനപ്പെട്ട ഒരു രഹസ്യമാണ് കത്തോലിക്കാ സഭയിലുള്ള വിശ്വാസം. ക്രിസ്തുവിനാൽ സ്ഥാപിതമായതും പരിപാലിക്കപ്പെടുന്നതുമായ ക്രിസ്തുവിശ്വാസികളുടെ സമൂഹമാണ് സഭ. അത് ക്രിസ്തുവിന്റെ മൗതികശരീരമാണ്. ഈ സഭയുടെ ലക്ഷണങ്ങൾ വ്യക്തമാക്കുന്നതാണ് നിഖ്യാവിശ്വാസപ്രമാണം. അതിൽ പറയുന്നത് ഏകവും, പരിശുദ്ധവും, ശ്ലൈഹികവും, കാതോലികവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നാണ്. ക്രിസ്തു സ്ഥാപിച്ച സഭയുടെ നാലു ലക്ഷണങ്ങളാണ് ഈ പറഞ്ഞ കാര്യങ്ങൾ. ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ ഏകമാണ്, വിശുദ്ധമാണ്, ശ്ലൈഹികമാണ്, കാതോലികമാണ്. കാതോലികമാണ് എന്ന വാക്കിന്റെ അർത്ഥം സാർവ്വത്രികം എന്നാണ്. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്നതും എല്ലാവരേയും ഉൾക്കൊള്ളുന്നതുമായ സഭയാണ് കത്തോലിക്കാസഭ.



10. **പുണ്യവാന്മാരുടെ ഐക്യത്തിലും ഞാൻ വിശ്വസിക്കുന്നു.** അപ്പസ്തോലിക വിശ്വാസപ്രമാണത്തിൽ മാത്രം കാണുന്ന ഒരു പ്രഖ്യാപനമാണിത്. ആ വിശ്വാസപ്രമാണത്തിലെ ചില രേഖകളിൽ പുണ്യവാന്മാരുടെ കൂട്ടായ്മയായ വിശുദ്ധ കത്തോലിക്കാ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു എന്നും കാണുന്നുണ്ട്. ഇത് കുറച്ചുകൂടി അർത്ഥപൂർണ്ണമായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം സഭ വിശുദ്ധരുടെ കൂട്ടായ്മയാണ്, മാമ്മോദീസാവഴി വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരുടെ കൂട്ടായ്മയാണ്. ക്രിസ്തുശിഷ്യരെ വിശുദ്ധരായിട്ടാണ് വിശുദ്ധ പൗലോസ്ശ്ലീഹാ അഭിസംബോധന ചെയ്യുന്നത്. അതിനാൽ വിശുദ്ധരുടെ കൂട്ടായ്മയായ വിശുദ്ധ കത്തോലിക്കാസഭ

www.malankaralibrary.com

യിലും ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറയുന്നതായിരിക്കും കൂടുതൽ അർത്ഥപൂർണം. എന്നാൽ നിഖ്യാ വിശ്വാസപ്രമാണം വന്നപ്പോൾ വിശുദ്ധരുടെ കൂട്ടായ്മ എന്നത് സഭയുടെ നാലു ലക്ഷണങ്ങളിൽ ഒന്നായ വിശുദ്ധവും എന്ന വാക്കിലേക്ക് ലയിപ്പിക്കുകയാണ് ഉണ്ടായത്.

11. **പാപമോചനത്തിനായുള്ള ഏക മാമ്മോദീസായിലും ഞാൻ വിശ്വസിക്കുന്നു.** കത്തോലിക്കാസഭ ഏറ്റുപറയുന്ന വിശ്വാസപ്രമാണത്തിലെ വലിയൊരു രഹസ്യമാണ് മാമ്മോദീസായിലുള്ള സഭയുടെ വിശ്വാസം. മാമ്മോദീസായിലും വിശുദ്ധ കൂദാശകളിലുമുള്ള വിശ്വാസം കത്തോലിക്കാസഭയുടെ ജീവിതത്തിന്റെ അടിസ്ഥാനമാണ്. ഈശോ പറഞ്ഞു: വിശ്വസിച്ച് സ്നാനം (മാമ്മോദീസ) സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും (മർക്കോ. 16:18). യേശു വാഗ്ദാനം ചെയ്ത പാപമോചനം വഴിയുള്ള രക്ഷ നമ്മൾ പ്രാപിക്കുന്നത് മാമ്മോദീസ എന്ന കൂദാശ



യിലൂടെയാണ്. ഈ സത്യമാണ് പാപമോചനത്തിനായുള്ള ഏക മാമ്മോദീസായിലും ഞങ്ങൾ വിശ്വസിക്കുന്നു എന്ന രഹസ്യത്തിലൂടെ നമ്മൾ ഏറ്റു പറയുന്നത്. മനുഷ്യരക്ഷയ്ക്കുവേണ്ടി ഈശോമിശിഹാ സ്ഥാപിച്ച മറ്റു കൂദാശകളിലുള്ള വിശ്വാസവും ഈ രഹസ്യത്തോട് ബന്ധപ്പെട്ടാണ് നിൽക്കുന്നത്.

12. **ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു.** നിത്യജീവൻ പ്രാപിക്കുക എന്നതാണ് മനുഷ്യജീ

www.malankaralibrary.com



വിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഈശോ പറഞ്ഞു: ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (യോഹ. 11:25). മരണാനന്തര ജീവിതത്തിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്ന സഭയാണ് കത്തോലിക്കാ സഭ. നിത്യജീവൻ പ്രാപിക്കാനുള്ള ഉറപ്പുള്ള സങ്കേതവും വഴികാട്ടിയുമാണ് കത്തോലിക്കാസഭ. ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതും ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ പിൻഗാമികളായ മെത്രാന്മാരാലും അപ്പസ്തോലന്മാരുടെ തലവനായ പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയാലും നയിക്കപ്പെടുന്ന സഭയാണ് കത്തോലിക്കാ സഭ. അജപാലകരായ അവരുടെ നേതൃത്വത്തിൽ നയിക്കപ്പെടുന്ന സഭ നിത്യജീവിതത്തിന്റെ നാടായ സ്വർഗത്തെ ലക്ഷ്യമാക്കി മുന്നേറുന്ന ഒരു തീർത്ഥാടക സമൂഹം കൂടിയാണ്.

കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണത്തിലെ പ്രധാന രഹസ്യങ്ങളാണ് ഈ ലേഖനത്തിൽ പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത്. കത്തോലിക്കരായ നമ്മൾ വിശ്വസിക്കുന്നതും ഏറ്റു പറയുന്നതുമായ വിശ്വാസസത്യങ്ങൾ ഏവയെന്ന് അറിയാനും മനിലാക്കാനും ബോധ്യപ്പെടാനും ഈ ലേഖനം എല്ലാവരേയും സഹായിക്കട്ടെ എന്നു ആശംസിക്കുന്നു.

*

താളുകളിലൂടെ...

www.malankaralibrary.com

# മതപരിവർത്തന നിരോധന നിയമങ്ങൾ: ഒരു വിശകലനം





**റവ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ**
(സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ)

ഒരു മതത്തിൽ നിന്നും മറ്റൊരു മതത്തിലേക്ക് പരിവർത്തനം ചെയ്യുന്നത് തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ വേണ്ടി നടപ്പിൽ വരുത്തിയിട്ടുള്ള നിയമങ്ങളെയാണ് മതപരിവർത്തന നിരോധന നിയമങ്ങൾ എന്ന് വിളിക്കുന്നത്. നിലവിൽ ഛത്തീസ്ഘട്ട്, ഒഡീഷ, മധ്യപ്രദേശ്, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, ജാർഖണ്ട്, ഉത്തർപ്രദേശ്, ഉത്തരാഖണ്ട്, ഹരിയാന തുടങ്ങി ഒൻപത് സംസ്ഥാനങ്ങളിലാണ് മതപരിവർത്തന വിരുദ്ധ നിയമങ്ങൾ നിലവിൽ വന്നിട്ടുള്ളത്. കർണ്ണാടകയിലെ ബിജെപി സർക്കാർ മതപരിവർത്തന വിരുദ്ധ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നിരുന്നുവെങ്കിലും കഴിഞ്ഞ വർഷം

www.malankaralibrary.com

അധികാരത്തിൽ വന്ന കോൺഗ്രസ്സ് സർക്കാർ ഈ നിയമം റദ്ദാക്കുകയുണ്ടായി. അരുണാചൽ പ്രദേശ്, രാജസ്ഥാൻ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ നിയമം കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇതുവരെയും വിജയിച്ചിട്ടില്ല. ത്രിപുര, ആസാം പോലുള്ള സംസ്ഥാനങ്ങളിൽ നിയമ നിർമ്മാണത്തിനുള്ള ശ്രമങ്ങൾ തുടരുന്നു.

## വിവിധ സംസ്ഥാനങ്ങളിലെ നിയമങ്ങൾ

മതപരിവർത്തനം നിയന്ത്രിക്കുന്നതിനുള്ള സ്വകാര്യ ബില്ലുകൾ 1954 മുതൽ പാർലമെന്റിൽ ആവർത്തിച്ച് അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, ഇതുവരെയും ഏതെങ്കിലും നിയന്ത്രണങ്ങൾക്കോ നിയമ നിർമ്മാണങ്ങൾക്കോ പാർലമെന്റ് തുനിഞ്ഞിട്ടില്ല. മാത്രവുമല്ല, മതപരിവർത്തനം നിരോധിക്കുന്ന നിയമനിർമ്മാണം നടത്താൻ പാർലമെന്റിന് അധികാരമില്ലെന്ന് 2015–ൽ കേന്ദ്ര നിയമ മന്ത്രാലയം പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. 2022 –ൽ ബിജെപി പ്രവർത്തകനും അഭിഭാഷകനുമായ അശ്വിനി ഉപാധ്യായ്, നിർബ്ബന്ധിത മതപരിവർത്തനം പ്രത്യേക വകുപ്പായി ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ലോ കമ്മീഷനോട് നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി സുപ്രീം കോടതിയിൽ സമർപ്പിച്ചെങ്കിലും, ആ ആവശ്യം 2023 ഫെബ്രുവരിയിൽ ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ബഞ്ച് നിരസിക്കുകയാണുണ്ടായത്. അതേസമയം നിർബന്ധിതമോ, വഞ്ചനാപരമോ, വാഗ്ദാനങ്ങൾ നൽകിയോ നടത്തുന്ന മതപരിവർത്തനം നിരോധിക്കുക എന്ന ലക്ഷ്യം ഉന്നയിച്ചുകൊണ്ട് നിരവധി സംസ്ഥാനങ്ങൾ "മത സ്വാതന്ത്ര്യ നിയമം (Freedom of Religion), മത സ്വാതന്ത്ര്യ അവകാശ നിയമം (Right to Freedom of Religion), നിയമ വിരുദ്ധ മതപരിവർത്തന നിരോധന നിയമം (Prohibition of Unlawful Conversion of Religion)" എന്നീ പേരുകളിൽ മതപരിവർത്തന വിരുദ്ധ നിയമങ്ങൾ പാസാക്കിയിട്ടുണ്ട്.

വിവിധ സംസ്ഥാനങ്ങളിൽ നിലവിൽ വന്നിട്ടുള്ള നിയമങ്ങളുടെ ഉള്ളടക്കം ഏറെക്കുറെ സമാനമാണെങ്കിലും അവയുടെ വകുപ്പുകളിലും വ്യവസ്ഥകളിലും വ്യത്യാസങ്ങളുണ്ട്. മതം മാറാൻ ഉദ്ദേശി

www.malankaralibrary.com

ക്കുന്ന വ്യക്തി തങ്ങളുടെ മതം മാറ്റത്തിന്റെ മുഴുവൻ വിവരങ്ങളും നിയമം അനുശാസിക്കുന്ന അധികാരിയോട് നിശ്ചിത ദിവസങ്ങൾക്ക് മുൻപേ തന്നെ വെളിപ്പെടുത്തണം. എത്ര ദിവസങ്ങൾക്ക് മുമ്പ്, ഏത് അധികാരികൾക്ക് മുന്നിൽ എന്നിങ്ങനെയുള്ള കാര്യങ്ങൾ പല സംസ്ഥാനങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലയിടങ്ങളിൽ മതം മാറ്റുന്ന കർമ്മം ചെയ്യുന്ന പുരോഹിതനും മുഴുവൻ വിവരങ്ങളും അധികാരിയോട് വെളിപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമ ലംഘനങ്ങൾക്കുള്ള ശിക്ഷകളും പിഴയും വിവിധ സംസ്ഥാനങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിവാഹത്തോട് ബന്ധപ്പെട്ട് മതപരിവർത്തനം നടന്നു എന്ന് തെളിഞ്ഞാൽ വിവാഹം പോലും റദ്ദാക്കാനുള്ള വകുപ്പുകളും ചിലയിടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ മതസ്ഥർ സമ്മേളിക്കുകയോ വസിക്കുകയോ ചെയ്യുന്ന ഇടങ്ങളിൽ മതപരമായ ചിഹ്നങ്ങൾ, ഗ്രന്ഥങ്ങൾ തുടങ്ങിയവയൊക്കെ പ്രദർശിപ്പിച്ചാലും ശിക്ഷാ നടപടികൾ വ്യവസ്ഥ ചെയ്യുന്ന വകുപ്പുകൾ ഉണ്ട്. ചില സംസ്ഥാനങ്ങളിൽ മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ കർശനമായ മതപരിവർത്തന വിരുദ്ധ നിയമങ്ങളാണുള്ളത്, ചില മതവിഭാഗങ്ങളെയോ അവരുടെ പ്രവർത്തനങ്ങളെയോ പ്രത്യേകമായി ലക്ഷ്യമിടുന്ന വ്യവസ്ഥകളും ചില സംസ്ഥാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബിജെപി ഭരിക്കുന്ന വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലാണ് ഇത്തരം വകുപ്പുകൾ കൂടുതൽ കർശനമായ രീതിയിൽ നടപ്പാക്കപ്പെടുന്നത്.

## മതപരിവർത്തന വിരുദ്ധ നിയമങ്ങളുമായി ബന്ധപ്പെട്ട വെല്ലുവിളികൾ

മതപരിവർത്തന നിരോധന നിയമങ്ങളുമായി ബന്ധപ്പെട്ട ചില വെല്ലുവിളികൾ ചർച്ചകൾക്കും വിവാദങ്ങൾക്കും വിഷയമായിട്ടുണ്ട്. പ്രത്യേകിച്ച് ന്യൂനപക്ഷ മതവിഭാഗങ്ങളിൽ ആശങ്കകൾ ഉയർത്തിയിട്ടുള്ള പ്രധാന ആശങ്കകൾ ഇവയാണ്:

**i) മതസ്വാതന്ത്ര്യം:** ഭരണഘടനയുടെ ആർട്ടിക്കിൾ 25-ൽ ഇപ്രകാരം പറയുന്നു: All persons are equally entitled to freedom of conscience and the right freely to profess, practise and propagate religion. ഇതിൽ ഓരോ വ്യക്തിക്കും സ്വന്തം മനഃസാക്ഷിക്ക് അനുസൃതമായി മതവിശ്വാസിയാ

www.malankaralibrary.com




യിരിക്കുന്നതിനും വിശ്വാസവും ആചാരങ്ങളും പരസ്യമായി അനുവർത്തിക്കുന്നതിനും, പ്രഖ്യാപിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമാണ് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ളത് എന്നിരിക്കെ, നിലവിലുള്ള മതപരിവർത്തന നിരോധന നിയമങ്ങളിലെ ചില വ്യവസ്ഥകളും, അടിച്ചേൽപ്പിക്കലുകളും ഭരണഘടനയ്ക്ക് വിരുദ്ധമാണ് എന്ന് നിസംശയം പറയാം. മാത്രവുമല്ല, മതപരിവർത്തന വിരുദ്ധ നിയമങ്ങൾ പലപ്പോഴും അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങളാൽ സംരക്ഷിക്കപ്പെടുന്ന മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ ലംഘിക്കുന്നു എന്നതും വ്യക്തമാണ്. ഈ നിയമങ്ങൾ ഒരു വ്യക്തിയുടെ സ്വന്തം മതം തിരഞ്ഞെടുക്കാനുള്ള കഴിവിനെ നിയന്ത്രിക്കുകയും ന്യൂനപക്ഷ മതങ്ങളെ അടിച്ചമർത്താൻ ഉപയോഗിക്കുകയും ചെയ്യാം. കൂടാതെ, വ്യക്തി സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം തുടങ്ങിയ മൗലിക അവകാശങ്ങളുടെ നിഷേധത്തിനും ഈ നിയമങ്ങൾ കാരണമാകാം.

**ii) വിവേചനം:** ചില മതവിഭാഗങ്ങളോട്, പ്രത്യേകിച്ച് ന്യൂനപക്ഷ മതങ്ങളോട്, വിവേചനം കാണിക്കാൻ മതപരിവർത്തന വിരുദ്ധ നിയമങ്ങൾ ഉപയോഗിക്കാം. ഒട്ടേറെ സന്ദർഭങ്ങളിൽ, ഒരു പ്രത്യേക സമൂഹത്തിലെ പ്രബല മതത്തെ സംരക്ഷിക്കുന്നതിനോ ന്യൂനപക്ഷ മതങ്ങളെ അടിച്ചമർത്തുന്നതിനോ വേണ്ടി മതപരിവർത്തന വിരുദ്ധ നിയമങ്ങൾ ദുരുപയോഗിക്കപ്പെടുന്നു.

**iii) സാമൂഹികവും സാംസ്കാരികവുമായ വിഭജനം:** ഇത്തരം നിയമങ്ങൾ ഭൂരിപക്ഷ മതവിഭാഗത്തെ സംരക്ഷിക്കാൻ പക്ഷപാതപരമായി ഉപയോഗിക്കുന്നുവെങ്കിൽ, അവ സാമൂഹികവും സാംസ്കാരികവുമായ വിഭജനത്തിന് കാരണമാകും.

**iv) ബലപ്രയോഗവും കൃത്രിമങ്ങളും തടയുക എന്ന വാദം:** രാജ്യത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ ഐക്യം സംരക്ഷി

www.malankaralibrary.com

ക്കാനും മതംമാറ്റത്തിലെ ബലപ്രയോഗവും കൃത്രിമങ്ങളും തടയാനും നിയമങ്ങൾ ആവശ്യമാണെന്ന വാദമാണ് പലപ്പോഴും മതപരിവർത്തന നിരോധന നിയമങ്ങളെ അനുകൂലിച്ചുകൊണ്ടു ചിലർ വാദിക്കുന്നത്. എന്നിരുന്നാലും, ഈ നിയമങ്ങൾ പ്രായോഗിക തലത്തിൽ ന്യൂനപക്ഷ മതങ്ങളെ അടിച്ചമർത്താനും, പൗരന്മാരുടെ മതസ്വാതന്ത്ര്യത്തിനുള്ള അവകാശം പരിമിതപ്പെടുത്താനുമുള്ള ഒരു ആയുധമായി ഉപയോഗിക്കപ്പെടുന്നു എന്നതാണ് വാസ്തവം.

**v) ഘർവാപ്പസിക്ക് ബാധകമല്ല:** നിർബന്ധിത മതപരിവർത്തനം തടയുക എന്നതാണ് ഇത്തരം നിയമങ്ങളുടെ ലക്ഷ്യമായി പറയുന്നതെങ്കിലും, ന്യൂനപക്ഷങ്ങളെ വിശിഷ്യാ, ക്രിസ്ത്യൻ മിഷണറിമാരെയാണ് ഇത്തരം നിയമം ലക്ഷ്യമിടുന്നത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങളിലൂടെ വ്യക്തമാകുന്നത്. ഒരാൾ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതിനോ നിർബ്ബന്ധിതമായി 'ഘർവാപ്പസി' എന്ന പേരിൽ മതപരിവർത്തനം നടത്തുന്നതിനോ ഈ നിയമങ്ങൾ ഒന്നും തന്നെ ബാധകമല്ല എന്നത് വിചിത്രമാണ്. പലയിടങ്ങളിലും തലമുറകളായി ക്രൈസ്തവവിശ്വാസം സ്വീകരിച്ച പലരും ഒറ്റയ്ക്കും കൂട്ടത്തോടെയും തീവ്ര ഹിന്ദുത്വ സംഘടനകളുടെ നേതൃത്വത്തിൽ നിർബന്ധമായി മതപരിവർത്തനം ചെയ്യപ്പെടുന്നത് ഈ നിയമങ്ങളുടെ പരിധിയിൽ വരുന്നില്ല അഥവാ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല എന്ന വാസ്തവത്തിൽ നിന്നാണ് ഇത്തരം നിയമങ്ങൾക്ക് പിന്നിലെ കുടിലതയും കപടതയും നാം തിരിച്ചറിയേണ്ടത്.

## കത്തോലിക്കാ സഭയുടെ വിശ്വാസ പ്രചരണ നിലപാടുകൾ

ഏതെങ്കിലും വിധത്തിലുള്ള സമ്മർദ്ദങ്ങൾ ചെലുത്തിയോ പ്രലോഭിപ്പിച്ചോ മതംമാറ്റുക എന്ന ലക്ഷ്യത്തോടെയല്ല കത്തോലിക്കാ മിഷണറിമാർ ഇന്ന് മിഷൻ പ്രദേശങ്ങളിൽ സേവനനിരതരാകുന്നത്. തങ്ങളുടെ ജീവിതത്തിലൂടെയും പ്രവർത്തനമാതൃകകളിലൂടെയും ക്രൈസ്തവ ദർശനങ്ങൾ പ്രഘോഷിക്കുകയും ക്രിസ്തുവിനെ പകർന്ന് നൽകുകയും സ്നേഹാധി

www.malankaralibrary.com



ഷ്ഠിതമായി സേവനനിരതരാകുകയും ചെയ്യുന്നവരാണ് കത്തോലിക്കാ മിഷണറിമാർ. രക്തസാക്ഷിത്വം വഹിച്ച മിഷണറിയായ സി. റാണി മരിയ, വി. മദർ തെരേസ പോലെയുള്ള അനേകായിരം മിഷണറിമാരുടെ പ്രവർത്തന മാതൃകകൾ ഉദാഹരണങ്ങളാണ്. ഈ ജീവിത മാതൃകകൾ നിരീക്ഷിച്ചും, ക്രിസ്തു ദർശനങ്ങളിൽ ആകൃഷ്ടരായും ആരെങ്കിലും ക്രിസ്ത്യാനി ആകുവാൻ തീരുമാനിച്ചാൽപോലും, സമയമെടുത്തുള്ള നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കുംശേഷം മാത്രമാണ് ഒരാളെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുന്നത്. എന്നിട്ടും മതപരിവർത്തന നിരോധന നിയമ പ്രകാരം വ്യാജ കേസുകളിൽ അകപ്പെടുന്ന കത്തോലിക്കാ മിഷണറിമാരും വിശ്വാസികളും ഈയടുത്ത നാളുകളിൽ കൂടുതലായി നിയമ നടപടികൾക്ക് ഇരയാക്കപ്പെടുന്നു എന്നത് ദൗർഭാഗ്യകരമാണ്.

## മതപരിവർത്തന നിരോധന നിയമം വർഗീയവാദികളുടെ ആയുധമാകുമ്പോൾ

വിവിധ സംസ്ഥാനങ്ങളിൽ നിസ്വാർത്ഥ സേവനം ചെയ്ത് ജീവിക്കുന്ന എണ്ണമറ്റ കത്തോലിക്കാ സന്യസ്തരും വൈദികരും എപ്പോൾ വേണമെങ്കിലും മതപരിവർത്തനനിരോധന നിയമ പ്രകാരം അറസ്റ്റ് ചെയ്യപ്പെടുമെന്നോ, മത പരിവർത്തനം ആരോപിക്കപ്പെട്ട് ആക്രമിക്കപ്പെടുമെന്നോ ഉള്ള ഭീതിയിലാണ് ജീവിക്കുന്നത്. സർക്കാർ സംവിധാനങ്ങളൊന്നും എത്തിപ്പെടാത്ത നിരവധി ആദിവാസി മേഖലകളിലും നിരാലംബരായ പാവപ്പെട്ടവർക്കിടയിലും ജീവിച്ച് അവർക്ക് വിദ്യാഭ്യാസവും, ചികിൽസയും നൽകി അവരെ പോലെ തന്നെ ജീവിച്ചു മരിക്കുന്ന അനേകർക്കെതിരെ ഉയരുന്ന ദുരാരോപണങ്ങൾ തികച്ചും വാസ്തവവിരുദ്ധവും ആസൂത്രിതമായി കെട്ടിച്ചമയ്ക്കപ്പെട്ടതുമാണ്. ഇത്തരം പ്രദേശങ്ങളിൽ ക്രൈസ്

www.malankaralibrary.com

തവ വിശ്വാസത്തിലേക്ക് അപൂർവ്വം ചിലരെങ്കിലും കടന്നുവന്നിട്ടുണ്ടെങ്കിൽപോലും ആരോപിക്കപ്പെട്ടിട്ടുള്ളതുപോലെ നിർബന്ധിതമായോ കബളിപ്പിച്ചോ മതപരിവർത്തനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. അത്തരം അന്വേഷണങ്ങളോ പഠനങ്ങളോ നടത്താതെ ചില സംഘടനകളുടെ ബുദ്ധികേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്ന നിർബന്ധിത മതപരിവർത്തനമെന്ന പ്രചാരണം വർഗീയതയും വിഭാഗീയതയും ലക്ഷ്യമാക്കിയുള്ളതാണ് എന്നത് വ്യക്തമാണ്.

മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഛത്തീസ്ഘട്ട് തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിൽ ഇതിനകം ഒട്ടേറെ അക്രമസംഭവങ്ങളാണ് മതപരിവർത്തന ആരോപണങ്ങളെ തുടർന്ന് ഉണ്ടായിട്ടുള്ളത്. തീവ്രഹിന്ദുത്വ സംഘടനകൾക്ക് സാന്നിധ്യമുള്ള പലയിടങ്ങളിലും സർക്കാർ സംവിധാനങ്ങൾ പോലും പ്രകടമായ ക്രൈസ്തവ വിരുദ്ധതയ്ക്ക് ദുരുപയോഗിക്കപ്പെടുന്നതായി കാണുന്നു.

വ്യാജമായ കേസുകളാണ് മിഷണറിമാർക്ക് എതിരെയുള്ളത് എന്നത് അധികാരികളിൽ പലർക്കും ബോധ്യമുണ്ടെങ്കിലും വർഗീയ തീവ്രവാദികളായ നേതാക്കന്മാരാൽ തെറ്റിദ്ധരിക്കപ്പെട്ട ആൾക്കൂട്ടത്തിന്റെ ആരവങ്ങളെയും തീവ്രഹിന്ദുത്വ വാദികളുടെ സമ്മർദ്ദത്തെയും അതിജീവിക്കാൻ കഴിയാതെ വരുന്നു എന്നാണ് അടുത്തകാലത്ത് ഉണ്ടായ പല സംഭവങ്ങളും തെളിയിക്കുന്നത്. നിരപരാധികളുടെമേൽ മതപരിവർത്തന നിരോധന നിയമപ്രകാരമുള്ള ജാമ്യമില്ലാ വകുപ്പുകളിലാണ് മിക്കവാറും കേസ് രജിസ്റ്റർ ചെയ്യുന്നത്. തത്ഫലമായി ദിവസങ്ങളോളം പലർക്കും ജയിലിൽ കഴിയേണ്ടതായി വരുന്നു.

സ്വന്തം തീരുമാനപ്രകാരവും പൂർണബോധ്യത്തോടെയും ക്രൈസ്തവവിശ്വാസം സ്വീകരിച്ചവർ പീഡിപ്പിക്കപ്പെടുകയും അതിക്രമങ്ങൾക്ക് ഇരയാവുകയും നിർബ



www.malankaralibrary.com

ന്ധിതമായി ഹിന്ദുമതത്തിലേക്ക് പരിവർത്തനത്തിന് വിധേയരാക്കപ്പെടുകയും ചെയ്തിട്ടുള്ള സംഭവങ്ങൾ പലപ്പോഴായി വിവിധ സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്. അങ്ങനെ മിഷണറിമാരെയും ക്രൈസ്തവ മതം സ്വബോധ്യത്തിൽ സ്വീകരിച്ച വ്യക്തികളെയും ലക്ഷ്യമാക്കിയുള്ള ആസൂത്രിതമായ നീക്കമാണ് ഇപ്പോൾ നടന്നു വരുന്നത്.

## മതസ്വാതന്ത്ര്യം അവകാശമാണ്

നിർബന്ധിത മതപരിവർത്തനത്തെ എതിർക്കുമ്പോഴും, മത സ്വാതന്ത്ര്യം നിഷേധിക്കാൻ ഇവിടെ ആർക്കും അവകാശമില്ല എന്നതാണ് വാസ്തവം. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതും, വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായും, പൂർണ സ്വാതന്ത്ര്യത്തോടെ ദൈവാന്വേഷണം നടത്താനും ബോധ്യങ്ങൾ ഉൾക്കൊള്ളാനും സ്വതന്ത്രമായ താൽപ്പര്യത്തോടെ ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനുമുള്ള അവകാശം എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണ്. സ്വന്തം വിശ്വാസത്തെയും ബോധ്യങ്ങളെയും പ്രഘോഷിക്കാനും ഓരോരുത്തർക്കും പൂർണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. വ്യാജ പ്രചരണങ്ങളും തൽപ്പരകക്ഷികളുടെ ആഖ്യാനങ്ങളും ഭരണകൂടങ്ങളെയും നീതിപീഠത്തെയും സ്വാധീനിക്കാനോ അത്തരക്കാർ നിയമപാലകർക്കും സമൂഹത്തിനും മുകളിൽ സമ്മർദ്ദം ചെലുത്തുന്ന ശക്തികളായിത്തീരാനോ ഒരിക്കലും പാടില്ല. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും പക്ഷത്ത് നിന്ന് വിധികൾ കൽപ്പിക്കാനും നിലപാടുകൾ സ്വീകരിക്കാനും നീതിപീഠങ്ങൾ ആർജവം പ്രകടിപ്പിക്കുകയും, വർഗീയതയ്ക്ക് വളം വെക്കുന്ന നിലപാടുകളിൽ നിന്ന് ഭരണകൂടങ്ങൾ അകന്നു നിൽക്കുകയും ചെയ്താൽ മാത്രമേ, സമീപകാലങ്ങളായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന അസഹിഷ്ണുതയും മതമൗലികവാദവും ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കപ്പെടുകയുള്ളു.

*

താളുകളിലൂടെ...

www.malankaralibrary.com

# ജീസസ്സ് ഫ്രട്ടേണിറ്റി
## തടവറയിലെ തണൽവൃക്ഷം





**റവ. ഫാ. മാർട്ടിൻ തട്ടിൽ**
(കേരള സ്റ്റേറ്റ് ഡയറക്ടർ, ജീസസ്സ് ഫ്രട്ടേണിറ്റി)

കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വൈദികാർത്ഥികളായിരുന്ന വർഗ്ഗീസ് കരിപ്പേരി ബ്രദറും ഫ്രാൻസിസ് കൊടിയൻ ബ്രദറും പ്രാർത്ഥനാപൂർവ്വം 1981 ഡിസംബർ 8-ാം തീയതി പങ്കുവച്ച ആശയമാണ് "എരിഞ്ഞടങ്ങാത്ത മുൾച്ചെടിയായി" ആത്മാവിൽ വളർന്ന്, തടവറയിലെ ഇരുളറയിൽ "ലോകത്തിന്റെ പ്രകാശമായവനെ" തേടിയിറങ്ങാനുള്ള ജയിൽ തീർത്ഥാടനത്തിന് പ്രചോദനമായത്. ഈ ആശയം പകർന്നു നല്കിയ വെളിച്ചമാണ് തടവറമക്കളെ ചേർത്തുപിടിക്കുന്ന ജീസസ്സ് ഫ്രട്ടേണിറ്റിക്ക് ജീവൻ നൽകിയത്. ഈ ആത്മീയ ചിന്ത നല്കിയ ദിശാബോധമാണ് അഴികൾക്കുള്ളിൽ അകപ്പെട്ടുപോയവന് അഭയമാകുന്ന സ്നേഹാശ്രമങ്ങൾ രൂപപ്പെടുത്തിയത്. സെമിനാരിക്കാരുടെ ഒരു കൊച്ചു ടീം ആദ്യമായി കോട്ടയം സബ്ജയിലിലേക്ക് 1985 ജൂലൈ 18-ന് കടന്നു ചെന്നു. തടവറമക്കളുടെ ജീവിതം **'ചെളിക്കുഴിയിലെ മാണിക്യ'മാണെന്ന് തിരിച്ചറിഞ്ഞ സെമിനാരിക്കാർ,** കേരളത്തിലെ എല്ലാ ജയിലുകളും സന്ദർശിക്കുന്ന ഒരു മഹാതീർത്ഥാടനത്തിന് പ്രാർത്ഥിച്ചൊരുങ്ങി. 1986 മാർച്ച് 10 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ 'ആദ്യ അഖില കേരള തടവറ തീർത്ഥാടനം' നടത്തപ്പെട്ടു. തടവറമക്കളുടെ

www.malankaralibrary.com

കണ്ണീർക്കണങ്ങളിൽ പുണ്യ സ്നാനം ചെയ്ത സെമിനാരിക്കാർ ആത്മാവിനാൽ നവീകരിക്കപ്പെട്ടു. ജീവന്റെ സമൃദ്ധിയുള്ള പച്ചയായ പുൽത്തകിടിയിലേക്ക് ചുവടുവയ്ക്കുവാൻ ഈ സന്ദർശനം തടവറമക്കളെ ശക്തിപ്പെടുത്തി. നിരാശയിൽ നിപതിച്ചിരുന്നവർ ആദ്യമായി പ്രത്യാശയുടെ പൊൻകിരണം ദർശിച്ചു. കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും മാത്രം അനുഭവിച്ചിരുന്നവരിലേക്ക് സെമിനാരിക്കാരുടെ വാക്കുകൾ ആശ്വാസത്തിന്റെ പുതുമഴയായി പെയ്തിറങ്ങി. 'പ്രതികൾ' എന്നും 'ജയിൽപുള്ളികൾ' എന്നും വിളിക്കപ്പെട്ടിരുന്നവരെ 'സഹോദരാ' എന്ന വിളിച്ച് മാറോട് ചേർക്കുന്ന ഒരു സമൂഹം തടവറയ്ക്കുപുറത്തു കാത്തിരിക്കുന്നുവെന്ന ചിന്ത കണ്ണീരുണങ്ങിയ കണ്ണുകൾക്ക് പ്രതീക്ഷയുടെ നക്ഷത്രത്തിളക്കം നല്കി. ഒത്തിരി വൈദികാർത്ഥികൾ ഈ പുതിയ പ്രാർത്ഥനാശൈലിയിലേക്ക് ആകൃഷ്ടരായി. തടവറമക്കളുടെ കണ്ണീരൊപ്പാൻ അവർ തോളോട് തോൾ ചേർന്നു.

തടവറപ്രേഷിത പ്രവർത്തനങ്ങളുടെ പ്രസക്തിയും ആവശ്യകതയും തിരിച്ചറിഞ്ഞ കേരള കത്തോലിക്കാ മെത്രാൻ സമിതി



(KCBC) 1989 സെപ്തംബർ 8-ന് ജീസസ്സ് ഫ്രട്ടേണിറ്റിയെ Justice, Peace and Development Commission ന്റെ കീഴിൽ അംഗീകരിച്ച്, കോതമംഗലം രൂപതാംഗവും കോട്ടയം സെമിനാരിയിലെ പ്രൊഫസറുമായിരുന്ന ഫാ. ജോസഫ് മക്കോളിലിനെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രഥമ സംസ്ഥാന ഡയറക്ടറായി നിയമിക്കുകയും ചെയ്തു. 1990 ജൂൺ 1 ന് പി.ഒ.സിയിൽ ജീസസ്സ് ഫ്രട്ടേണിറ്റിക്കായി ഒരു ഓഫീസും അനുവദിച്ചു നല്കപ്പെട്ടു.

34 വർഷങ്ങൾ പിന്നിടുമ്പോൾ അച്ചന്മാരും സിസ്റ്റേഴ്സും അല്മായരും അടങ്ങുന്ന മുന്നൂറോളം പേരുടെ ഒരു കൂട്ടായ്മയായി ജീസസ്സ് ഫ്രട്ടേണിറ്റി ഇന്നു പ്രവർത്തന സജ്ജമാണ്. ഓരോ ജയിലിലും അനുവാദം കിട്ടുന്നതനുസരിച്ച് വിശ്വാസ സംബന്ധമായ കാര്യങ്ങളും സാന്മാർഗ്ഗിക ഉപദേ

www.malankaralibrary.com

ശങ്ങളും പ്രചോദനാത്മകമായ ക്ലാസ്സുകളും കൗൺസിലിങ്ങും ജീസ്സസ് ഫ്രട്ടേണിറ്റി സംഘടിപ്പിച്ചു വരുന്നു. ക്രിസ്തുമസ്സ്, ഈസ്റ്റർ പോലുള്ള ആഘോഷാവസരങ്ങ ളിലും നമ്മുടെ സാന്നിധ്യം തടവറ മക്കൾക്ക് ഏറെ സന്തോഷപ്രദ മാണ്. തടവറമക്കളുടെ കുട്ടികളുടെ പഠനകാര്യങ്ങളിലും നാം ശ്രദ്ധപതി പ്പിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തേക്ക് അവർ കടന്നുവരാ തിരിക്കാനുള്ള ഒരു പ്രതിരോധ നട പടി കൂടിയാണിത്. കുറ്റകൃത്യങ്ങ ൾക്ക് ഇരകളായിപ്പോയവരുടെ വീടുകൾ സന്ദർശിക്കുന്നതും ആവ ശ്യമായ സഹായങ്ങൾ എത്തിച്ചു കൊടുക്കുന്നതും ജീസസ്സ് ഫ്രട്ടേ ണിറ്റിയുടെ ദൗത്യമാണ്. പകയും വെറുപ്പും മനസ്സിൽനിന്നുമകറ്റി ശാന്തിയും സമാധാനവും കൈവ രിക്കുവാൻ നാം അവരെ പ്രാപ്ത രാക്കുന്നു.

കുറ്റാരോപിതർ കുറ്റവിമുക്ത രായി പ്രഖ്യാപിക്കപ്പെട്ട് പുറത്തിറ ങ്ങുമ്പോഴും കുറ്റക്കാരായവർ ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങു മ്പോഴും അവരെ സമൂഹത്തിലേക്ക് പുനരാനയിക്കുവാൻ അവർക്ക് 'ഒരു കൈത്താങ്ങ്' ആവശ്യമുണ്ട്. ചിലർക്ക് സ്വന്തം ഭവനത്തിലേക്ക് തിരികെ പോകുവാൻ സാധി ക്കാത്ത അവസ്ഥയുണ്ട്; സ്വദേശ ത്തേക്ക് മടങ്ങിച്ചെന്നാലും അംഗീ കരിക്കപ്പെടാത്ത സാഹചര്യവും ഉണ്ട്; അവഗണനയുടെ വിങ്ങൽ പലരേയും വീണ്ടും കുറ്റകൃത്യങ്ങ ളുടെ ലോകത്തേക്ക് നയിച്ചിട്ടുണ്ട്. ഒരു ദുർബലനിമിഷത്തിൽ ചെയ്തു പോയ തെറ്റിനെ പ്രതി ജീവിതം മുഴുവനും ഇരുട്ടിലാക്കപ്പെട്ടു പോകുന്നവരുടെ അവസ്ഥ ദയനീ യമാണ്. ചേർത്തുപിടിക്കേണ്ട വർതന്നെ ആട്ടിയോടിക്കുമ്പോൾ; ആശ്വസിപ്പിക്കേണ്ടവർ തന്നെ ആക്രോശിക്കുമ്പോൾ എല്ലാം കൈവിട്ടുപോകുന്ന അവസ്ഥ യാണ് ഒരുവൻ അനുഭവിക്കുന്നത്. വ്യാജകേസുകളിൽ പ്രതിചേർക്ക പ്പെട്ട് തടവറയിലേക്കു തന്നെ വീണ്ടും എത്തിപ്പെടുന്നവരുമുണ്ട്.



www.malankaralibrary.com

ജീവിത സ്വപ്നങ്ങൾക്ക് നിറംപകരാൻ ആരും കൂടെയില്ലാതെവരുമ്പോൾ തടവറയുടെ ഇരുളിമ ആശ്വാസമായി കരുതുന്നവരുമുണ്ട്. ഇവരുടെ നിസ്സഹായമായ നിലവിളിക്ക് ദൈവം നല്കിയ പ്രത്യുത്തരമാണ് സ്നേഹാശ്രമങ്ങൾ.

തടവറമക്കളുടെ പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ജീവിത സായാഹ്നങ്ങളിൽ എത്തിപ്പെട്ടവർക്ക് സ്നേഹാശ്രമങ്ങൾ ഇന്നൊരു ആശ്വാസതീരമാണ്. വഞ്ചിക്കപ്പെട്ടവർക്ക് ഇതൊരു സ്നേഹകൂടാരമാണ്. അവഗണനയുടെ കയ്പ്പുനീർ കാസ മട്ടുവരെയും കുടിച്ചു തീർത്തവർക്ക് സ്നേഹാശ്രമങ്ങൾ സമ്മാനിക്കുന്നത് പരിഗണനയുടെ അമൃതൂട്ടാണ്. ചതിക്കപ്പെട്ട് താളം തെറ്റിയ മനസ്സുകൾക്ക് ശക്തമായ ചുവടോടെ വീണ്ടും ജീവിതത്തിലേക്ക് തിരിച്ചു വരുവാനുള്ള കരുത്തു പകരുകയാണ് സ്നേഹാശ്രമങ്ങൾ. തകർന്നുടഞ്ഞു പോയ സ്വപ്നങ്ങൾക്ക് ചിറകുനല്കാൻ സ്നേഹാശ്രമങ്ങൾ അവരെ സഹായിക്കുന്നു.

പ്രിസൺ മിനിസ്ട്രി ഓഫ് ഇന്ത്യ എന്ന പേരിലാണ് ജീസസ്സ് ഫ്രട്ടേണിറ്റി ഇന്ന് മറ്റു സംസ്ഥാനങ്ങളിൽ അറിയപ്പെടുന്നത്. ഇന്ത്യയിൽ മൊത്തം 17 സ്നേഹാശ്രമങ്ങൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അതിൽ 4 എണ്ണം കേരളത്തിലാണ്. തൃശൂർ ജില്ലയിലെ വെട്ടുകാട് എന്ന സ്ഥലത്താണ് 1991 ഒക്ടോബർ 1-ാം തീയതി പുരുഷൻമാർക്കു വേണ്ടിയുള്ള ആദ്യ സ്നേഹാശ്രമം സ്ഥാപിതമായത്. 1992 ഒക്ടോബർ 11-ന് തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കു വേണ്ടിയും 1994 ജൂലൈ 3-ന് കാഞ്ഞിരപ്പള്ളിയിലെ ഇഞ്ചിയാനിയിൽ കുട്ടികൾക്കുവേണ്ടിയും സ്നേഹാശ്രമങ്ങൾ സ്ഥാപിക്കപ്പെട്ടു. പ്രാരംഭപരിശീലനത്തിനുശേഷം അവരെ രണ്ടാം ഘട്ടം ആശ്രമത്തിലേക്ക് പ്രവേശിപ്പിക്കുവാനാണ് നമ്മൾ പരിശ്രമിക്കുന്നത്. ഓരോരുത്തരുടെയും അഭിരുചിയും പഠനയോഗ്യതയും അനുസരിച്ച് അവരെ ജോലി കണ്ടെത്താൻ ഈ ഘട്ടത്തിൽ നമ്മൾ സഹായിക്കുന്നു. ജീവിതത്തിൽ ചിട്ടയായ പരിശീലനം നേടിയശേഷം ധാരാളംപേർ ഇന്ന് സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നുണ്ട്. നിരാലംബരായ സ്നേഹാശ്രമ മക്കളുടെ വിവാഹവും നമ്മൾ നടത്തികൊടുക്കാറുണ്ട്. ഇങ്ങനെ സ്നേഹാശ്രമങ്ങളിൽ നിന്നും കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചവർ

www.malankaralibrary.com

ഇന്ന് കേരളത്തിന്റെ പലഭാഗങ്ങളിലുമായി സന്തോഷത്തോടെ കുടുംബസമേതം കഴിയുന്നുണ്ട്. നമ്മുടെ സമൂഹത്തിലെ തന്നെ സുമനസ്സുകളാണ് ഇതിനുവേണ്ട സാമ്പത്തിക സഹായം നല്കിക്കൊണ്ടിരിക്കുന്നത്. അവരെയെല്ലാം ഈ അവസരത്തിൽ ഏറ്റവും നന്ദിയോടെ ഓർക്കുന്നു.

മതംമാറ്റം നമ്മുടെ ലക്ഷ്യമല്ല. മനംമാറ്റവും ജീവിത നവീകരണവുമാണ് നമ്മൾ ലക്ഷ്യം വയ്ക്കുന്നത്.

JESUS FRATERNITY

**നിങ്ങൾക്കും തടവറ പ്രേഷിതരാകാം**

* തടവറമക്കൾക്കുവേണ്ടി എല്ലാ ദിവസവും മുടങ്ങാതെ തീക്ഷ്ണതയോടുകൂടി, 'തടവറമക്കളുടെ ജീവിത നവീകരണം' നിയോഗം വച്ചു പ്രാർത്ഥിക്കുന്നവർ തടവറ പ്രേഷിതരാണ്.
* തടവറ സന്ദർശിച്ച് അവർക്ക് സന്മാർഗബോധവും പ്രചോദനവും കൗൺസലിങ്ങും നല്കാൻ സാധിക്കുന്നവരും സൗകര്യമുള്ളവരും തടവറപ്രേഷിതരാണ്. ആഗ്രഹമുള്ളവർ അറിയിച്ചാൽ അവരെ അടുത്തുള്ള ജീസസ്സ് ഫ്രട്ടേണിറ്റി യൂണിറ്റുമായി ബന്ധിപ്പിച്ച് അതിനുള്ള സൗകര്യം ഒരുക്കുന്നതാണ്. താല്പര്യം ഉള്ളവർ **9447964663** എന്ന നമ്പറിൽ ബന്ധപ്പെടുമല്ലോ.
* തടവറ പ്രവർത്തനങ്ങൾക്ക് സാധിക്കുന്ന വിധത്തിൽ സാമ്പത്തിക സഹായം നല്കിയും നിങ്ങൾക്ക് ഈ പ്രേഷിതശുശ്രൂഷയിൽ പങ്കുചേരാം.

ദൈവസ്നേഹത്തിൽനിന്നും ശക്തി ഉൾക്കൊണ്ട് ദൈവകരുണയുടെ മുഖമായി തടവറമക്കളിലേക്ക് ഇറങ്ങിച്ചെന്ന് അവരിൽ ഈശോയെ കണ്ടെത്തുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*

www.malankaralibrary.com



# തിരുസഭ: "മാതാവും ഗുരുനാഥയും"

(Mater et Magistra)





തോമസ് പോൾ കൊടിയൻ

**(കഴിഞ്ഞ ലക്കം തുടർച്ച)**

**'കർത്താവേ, ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക' (ലൂക്കാ 11:1)**

ദൈവത്തിന്റെ ദാനം എന്താണെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ (യോഹന്നാൻ 4:10). വെള്ളം തേടി നാം എത്തുന്ന കിണറ്റിങ്കൽ വച്ചാണ് പ്രാർത്ഥനയാകുന്ന **മഹാവിസ്മയം** നമുക്ക് അനാവൃതമാകുന്നത് (CCC 2560), പ്രാർത്ഥന ഒരു മഹാവിസ്മയമാണെന്നാണ് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥവും, നമ്മുടെ വിശ്വാസനിക്ഷേപവും, അപ്പസ്തോലിക അനുശാസനവും നമ്മെ പഠിപ്പിക്കുന്നത്. എന്താണ് ഈ മഹാവിസ്മയം,? എങ്ങനെയാണ് ഈ മഹാവിസ്മയത്തെ നാം എളുപ്പത്തിൽ പഠിക്കുക ? ഈശോയുടെ തന്നെ വാക്കുകളിലേക്കും, പ്രാർത്ഥനയിലേക്കും നമ്മുടെ ശ്രദ്ധ തിരിക്കാം. 'നിങ്ങൾക്ക് ഒരു ഗുരുവേയുള്ളൂ' (മത്തായി 23:8). അവൻ ഒരിടത്തു പ്രാർഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. പ്രാർഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക (ലൂക്കാ 11:1). ഈശോ നിത്യപുരോഹിതൻ ആണെന്നും, ഈശോ തന്നെയാണ് പ്രാർത്ഥനയുടെ ഗുരു

www.malankaralibrary.com



എന്നും, ഈശോ നമ്മെ പ്രാർത്ഥി ക്കാൻ പഠിപ്പിക്കുന്നു എന്നും, ഈശോയുടെ പ്രാർത്ഥനയുടെ വിവിധ മാനങ്ങളും, മാതൃകയും ഈശോയിൽ നിന്ന് തന്നെ നാം എളിമയോടെ പഠിക്കേണ്ടിയിരി ക്കുന്നു.

ഈശോയുടെ പ്രാർത്ഥനയെ ക്കുറിച്ച് സഭാ പിതാവും വേദപാരം ഗതനുമായ വിശുദ്ധ ആഗസ്തീനോ സിന്റെ പ്രബോധനം മതബോധന ഗ്രന്ഥത്തിൽ നിന്ന് വളരെ ശ്രദ്ധ യോടെ പഠിക്കുകയും അത് നമ്മൾ അനുസരിക്കുകയും ചെയ്യുകയാ ണെങ്കിൽ ഈ മഹാവിസ്മയത്തെ നമുക്ക് അനുഭവമാക്കാം. വിശുദ്ധ ആഗസ്തീനോസ് യേശുവിന്റെ പ്രാർഥനയുടെ മൂന്നു മാനങ്ങളെ വിദഗ്ധമായി സംഗ്രഹിക്കുന്നു:

നമ്മുടെ പുരോഹിതനായി അവി ടുന്നു നമുക്കു വേണ്ടി പ്രാർഥി ക്കുന്നു, നമ്മുടെ ശിരസ്സായി നമ്മിൽ പ്രാർഥിക്കുന്നു, നമ്മുടെ ദൈവമായി നമ്മുടെ പ്രാർഥന ശ്രവിക്കുന്നു. അതുകൊണ്ട് അവി ടുന്നിൽ നമ്മുടെ ശബ്ദവും നമ്മിൽ അവിടുത്തെ ശബ്ദവും നമുക്ക് ഏററുപറയാം (CCC 2616). സാധാ രണ നാം എപ്പോഴും ഈശോ യോട് അനുഗ്രഹങ്ങൾ യാചി ക്കുന്നു, ഈശോ നമ്മുടെ പ്രാർ ത്ഥന കേൾക്കുന്നു. എന്നാൽ, ഒരു കാര്യം വളരെ പ്രാധാന്യത്തോടു കൂടി സഭ നമ്മെ പഠിപ്പിക്കുന്നത് ഈശോ നിത്യപുരോഹിതനാണ് എന്നും ഈശോ നമുക്ക് വേണ്ടിയും ലോകം മുഴുവനും വേണ്ടിയും പ്രാർത്ഥിക്കുന്നു എന്നുമാണ്. ഇത് എന്റെ ജീവിതത്തിൽ വ്യക്തിപര മായി എന്റെ പ്രാർത്ഥനാനുഭ വത്തെ വളരെയധികം മാറ്റിമറിച്ച ഒരു പഠനമാണ്. നമ്മുടെ വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകളും, സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും, ഈശോയുടെ പൗരോഹിത്യ പ്രാർത്ഥനയും, എല്ലാ സങ്കീർത്തനങ്ങളും, സുവി ശേഷത്തിൽ ഈശോ നിരവധി സ്ഥലത്ത് പ്രാർത്ഥിച്ചതെല്ലാം നമുക്കുവേണ്ടിയാണെന്നും നാം കണ്ടെത്തുകയും, ഇപ്പോഴും ആ പ്രാർത്ഥന ഈശോ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു എന്ന് വിശ്വ സിക്കുകയും ചെയ്യണം. അപ്പോൾ

www.malankaralibrary.com

നമ്മുടെ പ്രാർത്ഥനാ ജീവിതത്തിന് വലിയ മാനങ്ങളും അനുഭവങ്ങളും ഉത്തരങ്ങളും ഉണ്ടാകും.

ഇത്രയും ആമുഖമായി പ്രാർത്ഥന എന്ന മഹാവിസ്മയത്തെക്കുറിച്ച് പഠിച്ചിട്ട് നമുക്ക് മതബോധന ഗ്രന്ഥത്തിലെ നാലാമത്തെ ഭാഗമായ ക്രൈസ്തവ പ്രാർത്ഥന എങ്ങനെ പഠിക്കണമെന്ന് പരിചയപ്പെടാം. ഇത് പ്രാർത്ഥനയെക്കുറിച്ച് പഠിക്കുക മാത്രമല്ല, മതബോധന ഗ്രന്ഥം എങ്ങനെ ഉപയോഗിക്കണെമെന്നും അതിലെ പ്രബോധനങ്ങളുടെ കിടപ്പ്, അതിന്റെ ആഴം, അതിന്റെ പരസ്പര ബന്ധം എല്ലാം ഇതിലൂടെ നമ്മൾ പഠിക്കുകയാണ്. അങ്ങനെ പഠിച്ചാൽ മാത്രമേ ഈ പ്രബോധനത്തിലൂടെ നമ്മുടെ വിശ്വാസം ആധികാരികമായി വളരുകയും അത് നമ്മുടെ ആത്മാവിന് ജ്ഞാനവും കരുത്തും നൽകുകയുമുള്ളൂ.

മതബോധന ഗ്രന്ഥത്തിലെ ഓരോ ഖണ്ഡികയുടെയും ആരംഭത്തിൽ എഴുതിയിരിക്കുന്ന നമ്പർ പ്രത്യേകം ശ്രദ്ധിക്കണം. ആ നമ്പർ ഓർത്തിരിക്കണം. നോട്ടുകൾ എഴുതുമ്പോഴും വായിക്കുമ്പോഴും ആ നമ്പർ എഴുതണം. അത് മനസ്സിൽ രജിസ്റ്റർ ആവണം. അതാണ് ആ ഖണ്ഡികയുടെ തിരിച്ചറിയൽ നമ്പർ (identification). അതുപോലെ ഓരോ ഖണ്ഡികയുടെയും മാർജിനിലുള്ള നമ്പറുകളും ഈ ഖണ്ഡികയുടെ പ്രബോധനത്തിനോട് ചേർന്ന് പഠിക്കേണ്ട മറ്റു ഖണ്ഡികകളുടെ തിരിച്ചറിയൽ നമ്പറുകളാണ്. ആ ഖണ്ഡികകൾ കൂടി ചേർത്തു വായിച്ചാലേ പഠനം പൂർത്തിയാവുകയുള്ളൂ. മാത്രമല്ല, ഓരോ പ്രബോധനഭാഗവും ഏത് ഉറവിടത്തിൽ നിന്നാണ് എടുത്തിരിക്കുന്നത് അഥവാ ഏത് സ്രോതസ്സിൽ നിന്നാണ് എടുത്തിരിക്കുന്നത് എന്നു മനസ്സിലാക്കുന്നത് ആ പ്രബോധന ഭാഗത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന ചെറിയ അക്ഷരത്തിൽ എഴുതിയിരിക്കുന്ന നമ്പറുകളും അതിന്റെ ചേരുംപടി കൊടുത്തിരിക്കുന്ന, അതേ പേജിൽ തന്നെയുള്ള അടിക്കുറിപ്പിലെ എഴുത്തുകളുമാണ്. അടിക്കുറിപ്പിലെ എഴുത്തുകളും പ്രബോധനത്തിനോട് ചേർത്ത് വായിച്ച് മനസ്സിലാക്കി ആ പ്രബോധനത്തിന്റെ ആധികാരികത ഉറപ്പു വരുത്തുമ്പോഴാണ് അത് നമ്മുടെ വിശ്വാസത്തിന്റെ കരുത്തായിട്ട് മാറുന്നത് (CCC 156).

ഉദാഹരണത്തിന്, എന്താണ് പ്രാർത്ഥന എന്ന ഭാഗവും അതിനോട് ചേർന്നുള്ള 2559-ാം നമ്പർ ഖണ്ഡികയും നമുക്ക് അതിന്റെ ഓരോ

www.malankaralibrary.com

പ്രബോധനങ്ങളുടെയും അടിക്കുറിപ്പുകളും സ്രോതസ്സുകളും വിശകലനം ചെയ്ത് അതിന്റെ ആധികാരികതയെ ഉൾക്കൊണ്ടുകൊണ്ട് ഒന്നൊന്നായി പഠിക്കാം. അങ്ങനെ ഒരു പഠനശൈലി നിങ്ങളെ ഇതിലൂടെ പരിചയപ്പെടുത്തുകയാണ്. അതുകൊണ്ട് ഇത് ആദ്യമായിട്ട് പഠിക്കുന്നവർ പുസ്തകം ഉപയോഗിച്ച് അതിന്റെ ഓരോ വാചകങ്ങളുടെയും അവസാനം എഴുതിയിട്ടുള്ള അടിക്കുറിപ്പ് നോക്കി അതിനെപ്പറ്റി ചിന്തിച്ച് വിശദമായിട്ട് പഠിക്കണം. അങ്ങനെ നമ്മൾ മുന്നോട്ടു പോകുമ്പോഴാണ് ഇതൊരു പഠനപദ്ധതിയായി മാറുന്നത്.

മാർജിനിൽ എഴുതിയിരിക്കുന്ന 2613, 2763 നമ്പറുകളും ശ്രദ്ധിക്കണം. കൂടാതെ, ഈ രണ്ടു ഖണ്ഡികകളിലും ഓരോ പ്രബോധനത്തിന്റെയും അവസാനം എഴുതിയിരിക്കുന്ന നമ്പറുകൾ ശ്രദ്ധിക്കണം. 1 മുതൽ 6 വരെ ആറ് സ്രോതസ്സുകളിൽ നിന്നും എഴുതിയിട്ടുള്ള പ്രബോധനമാണ് 2559 -ാം ഖണ്ഡിക പഠിക്കുമ്പോൾ അതോടൊപ്പം ഉള്ളത്. ആറ് സ്രോതസ്സുകളുടെ വിവരണവും മാർജിനിൽ എഴുതിയിട്ടുള്ള നമ്പറുകളുടെ ഖണ്ഡികകളിൽ 2613-ൽ ലൂക്കയുടെ സുവിശേഷത്തിൽ ഈശോ തന്നെ പഠിപ്പിക്കുന്ന മൂന്ന് ഉപമകളും 2763-ാം ഖണ്ഡികയിലുള്ള മൂന്നു സ്രോതസ്സുകളും അങ്ങനെ ആകെ 12 സ്രോതസ്സുകൾ ഉള്ളതാണ് 2559-ാം ഖണ്ഡികയുടെ പഠനം.

അതിൽ നാല് വേദപാരംഗതന്മാരുടെ പ്രബോധനങ്ങളും (അതിൽ രണ്ടുപേർ സഭാപിതാക്കന്മാർ കൂടിയാണ്. ആദ്യ 8 നൂറ്റാണ്ട് കാലത്തെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ വളരെയധികം സുവിശേഷ വ്യാഖ്യാനങ്ങളും പ്രബോധനങ്ങളും നൽകുകയും പാഷണ്ഡതകൾക്ക് എതിരായി പ്രബോധനങ്ങൾ ഇറക്കുകയും ചെയ്ത ദൈവശാസ്ത്ര രചയിതാക്കളെയുമാണ് സഭാപിതാക്കന്മാർ എന്ന് പറയുന്നത്). ഈശോയുടെ തന്നെ ആറ് പ്രബോധനങ്ങളും ഒരു സങ്കീർത്തനവും പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ പ്രബോധനവുമാണ് ഈ ഒരു ഖണ്ഡികയിൽ അടങ്ങിയിരിക്കുന്നുത്.

മതബോധന പുസ്തകത്തിന്റെ സഹായത്തോടെ വേണം ഇത് പഠിക്കാൻ. പുസ്തകം തുറന്ന് 2559 -ാം ഖണ്ഡിക എടുക്കുക. തുടർന്നു വായിക്കുക. ഈ ഖണ്ഡികയിലുള്ള 12 സ്രോതസ്സുകളെക്കുറിച്ചും

www.malankaralibrary.com

നമുക്ക് കൂടുതലായി മനസ്സിലാക്കി മുന്നോട്ടുപോകാം. ഒന്നാമതായി, നമുക്ക് ചിന്തിക്കാം :

**എന്താണ് പ്രാർത്ഥന ?**

വിശുദ്ധ കൊച്ചുത്രേസ്യ പുണ്യവതിയുടെ ആത്മകഥയിൽ നിന്നുള്ള ഉദ്ധരണി : **എന്നെ സംബന്ധിച്ചിടത്തോളം ഹൃദയത്തിന്റെ അലയടിയാണ് പ്രാർത്ഥന. സ്വർഗ്ഗത്തിലേക്കുള്ള ലളിതമായ ഒരു നോട്ടം. പരിക്ഷീണത്തിന്റെയും സന്തോഷത്തിന്റെയും ഇടയിൽ നന്ദിയുടെയും സ്നേഹത്തിന്റെയും നിലവിളിയാണ്**

**(1).** ആരാണ് ഈ വിശുദ്ധ കൊച്ചുത്രേസ്യ? എന്തുകൊണ്ടാണ് കൊച്ചുത്രേസ്യയുടെ ആത്മകഥയിലെ ഉദ്ധരണി പ്രാർത്ഥനയെക്കുറിച്ചുള്ള സഭാപ്രബോധനത്തിലായത്? അത് നാം ചിന്തിക്കണം.

1873 ജനുവരി രണ്ടാം തീയതി ഫ്രാൻസിൽ ഉള്ള അലൻസോൺ (Alencon) എന്ന ഗ്രാമത്തിൽ ജനിച്ച് 1897 സെപ്റ്റംബർ 30-ാം തീയതി ലിസ്യുവിൽ (Lisieux) ഉള്ള കർമ്മലീത്ത മിണ്ടാമഠത്തിൽ വച്ച് നിത്യതയിലേക്ക് പ്രവേശിച്ച 24 വയസ്സു മാത്രമുള്ള വിശുദ്ധ കൊച്ചുത്രേസ്യയുടെ ആത്മകഥ മലയാളത്തിൽ നവമാലിക (The Story of a Soul) എന്നറിയപ്പെടുന്നു.

പിന്നീട് വിശുദ്ധയും വേദപാരംഗതയായ (Doctor of the Church) ആഗോള കത്തോലിക്കാ സഭയുടെ സുവിശേഷവൽക്കരണത്തിന്റെ (Evangelization) മധ്യസ്ഥയുമായ ഈ വിശുദ്ധയുടെ നവമാലികയിലെ പല പ്രബോധനങ്ങളും സഭ ആധികാരിക പ്രബോധനമായി സ്വീകരിച്ചിട്ടുണ്ട്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ, ഫ്രാൻസിസ് മാർപാപ്പ ഉൾപ്പെടെയുള്ള മാർപാപ്പമാർ എല്ലാവരും വിശുദ്ധ കൊച്ചുത്രേസ്യയുടെ പ്രബോധനങ്ങൾ പഠിക്കുകയും അത് പ്രഘോഷിക്കുകയും ചെയ്യുന്നുണ്ട്. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയാണ് വി. കൊച്ചുത്രേസ്യയെ വേദപാരംഗതയായി പ്രഖ്യാപിച്ചത്. ഫ്രാൻസിസ് മാർപാപ്പ വി. കൊച്ചുത്രേസ്യയെക്കുറിച്ചുള്ള ഒരു അപ്പസ്തോലിക ലേഖനം ഈയിടെ എഴുതിയിട്ടുണ്ട്.

**പ്രാർത്ഥന – ദൈവത്തിന്റെ ദാനം (CCC 2559)**

**മനസ്സ് ദൈവത്തിങ്കലേക്കുയർത്തുന്നതാണു പ്രാർഥന. അഥവാ ദൈവത്തിൽ നിന്നു നൻമകൾ ലഭിക്കാൻവേണ്ടിയുള്ള അഭ്യർഥനയാണ് അത് (2).** അടിക്കുറി

www.malankaralibrary.com

പ്പിൽ 2 എന്നതിന്റെ സ്ഥാനത്ത് നമുക്ക് കാണാം St. John Damascene ( St. John of Damascus) എന്ന്. AD 650 മുതൽ 754 വരെയുള്ള 104 വർഷങ്ങൾ ജീവിച്ച വൈദികനും ആദിമ സഭാപിതാക്കന്മാരിൽ ഒരാളും വേദപാരംഗതനുമാണ് വിശുദ്ധ ജോൺ ഓഫ് ദമാസ്കസ് (St. John of Damascus). അദ്ദേഹത്തിന്റെ പ്രസിദ്ധമായ പുസ്തക സമാഹാരമാണ് De Fide Orthodoxa (An Exposition on the Orthodox Faith). അതിൽനിന്നും എടുത്തിട്ടുള്ളതാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. വിശുദ്ധ ജോൺ ഓഫ് ദമാസ്കസിന്റെ വിശ്വാസ തീക്ഷ്ണത പ്രസിദ്ധമാണ് സഭയിൽ അദ്ദേഹം പ്രത്യേകിച്ച് Iconography ചിത്രകലയെ വളരെയധികം പിന്താങ്ങി പ്രബോധനങ്ങൾ ഇറക്കുകയും ചെയ്തു. ചിത്രകല ഉപയോഗിച്ചുള്ള വിശ്വാസ സത്യങ്ങളെക്കുറിച്ചുള്ള പ്രബോധനത്തെ പ്രതി അദ്ദേഹത്തിന്റെ കൈ വെട്ടി ഒരു തൂണിൽ തൂക്കിയിട്ടു അന്നത്തെ നാട്ടധികാരികൾ. എന്നാൽ പിന്നീട് അത് കണ്ടുപിടിച്ച് അത് എടുത്തുകൊണ്ടുവന്ന് കൂട്ടിച്ചേർത്തു. ദൈവമാതാവിന്റെ ഐക്കണി (icon) -ന്റെ മുമ്പിൽ പ്രാർത്ഥിച്ചപ്പോൾ വീണ്ടും കൈ കൂടിച്ചേർന്നു. അങ്ങനെ അദ്ദേഹം വീണ്ടും എഴുതുകയും 104 വയസ്സ് വരെ ശക്തമായ എഴുത്തും പ്രഘോഷണവും നടത്തുകയും ചെയ്തു. ആ തീക്ഷ്ണനായ സഭാപിതാവിന്റെ പ്രബോധനങ്ങൾ മതബോധനഗ്രന്ഥത്തിൽ വളരെയധികം തവണ ഉദ്ധരിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് ഇപ്പോൾ നാം പഠിക്കുന്നത്.

CCC 2559 തുടരുന്നു...

**പക്ഷേ, നാം പ്രാർഥിക്കുമ്പോൾ, നാം സംസാരിക്കുന്നതു നമ്മുടെ അഹന്തയുടെയും തന്നിഷ്ടത്തിന്റെയും ഔന്നത്യത്തിൽ നിന്നാണോ, അതോ വിനീതവും അനുതാപപൂർണവുമായ ഹൃദയത്തിന്റെ അഗാധതലങ്ങളിൽ നിന്നാണോ? (3).** അടിക്കുറിപ്പിൽ 3 ന്റെ സ്ഥാനത്ത് സങ്കീർത്തനം 130:1 കൊടുത്തിരിക്കുന്നു. സങ്കീർത്തനം 130:1 നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കർത്താവേ, അഗാധത്തിൽ നിന്നു ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. (സങ്കീ 130 : 1). സങ്കീർത്തനത്തിന്റെ ഒരു വരി ഉദ്ധരിച്ചാലും മുഴുവൻ സങ്കീർത്തനവും നാം വായിച്ച് ആശയം ഉൾക്കൊള്ളണം. സങ്കീർത്തനങ്ങൾ എല്ലാം തന്നെ നമ്മുടെ കർത്താവായ

www.malankaralibrary.com

നിത്യപുരോഹിതനായ ഈശോയുടെയും മാതാവിന്റെയും പ്രാർത്ഥനകളാണ്. CCC 2597ൽ ഇപ്രകാരം പഠിപ്പിക്കുന്നു: **ക്രിസ്തു പ്രാർഥിക്കുകയും അവനിൽ പൂർത്തിയാവുകയും ചെയ്ത സങ്കീർത്തനങ്ങൾ സഭയുടെ പ്രാർഥനയുടെ സാരാംശ സ്പർശിയും ചിരന്തനവുമായ ഘടകമാണ്. അവ എക്കാലത്തെയും ഏതു സാഹചര്യത്തിലെയും മനുഷ്യർക്ക് ഇണങ്ങുന്നവയാണ്.** അതോടൊപ്പം CCC 2596-ൽ ഇപ്രകാരം പഠിപ്പിക്കുന്നു: **പഴയനിയമത്തിലെ പ്രാർത്ഥനകളുടെ സർവോൽകൃഷ്ടരൂപമാണു സങ്കീർത്തനങ്ങൾ.**

CCC 2559 തുടരുന്നു...

തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (4). ഇവിടെ അടിക്കുറിപ്പിൽ ലൂക്കാ 18:9-14 എന്ന് കാണാം. ലൂക്കായുടെ സുവിശേഷം ഈശോയുടെ പൗരോഹിത്യ മുറ പ്രകാരമുള്ള സുവിശേഷമാണ്. പ്രാർത്ഥനയെക്കുറിച്ചുള്ള സുപ്രധാന പ്രബോധനങ്ങളിൽ ഒന്നാണ് ഫരിസയന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയുടെ ഉപമ. ലൂക്കാ 18:9-14 എടുത്തുവായിക്കണം. ആ ഖണ്ഡിക മുഴുവനും വായിക്കണം. പ്രാർത്ഥനയിൽ ഏറ്റവും ആവശ്യമായ കാര്യം ഈശോ എടുത്തു പറയുന്നത് ഫരിസേയനെ പോലെയുള്ള അഹങ്കാരത്തിന്റെ വാക്കുകൾ അല്ല. മറിച്ച്, വിനയത്തിന്റെയും എളിമയുടെയും പശ്ചാത്താപത്തിന്റെയും വാക്കുകളാണ് വേണ്ടത്. പശ്ചാത്താപം നിറഞ്ഞ ചുങ്കക്കാരൻ ദൈവമേ, പാപിയായ എന്നിൽ കനിയണമേ എന്ന് പ്രാർത്ഥിച്ചു.

CCC 2559 തുടരുന്നു...

**വിനയമാണു പ്രാർഥനയുടെ അടിത്തറ. വേണ്ടവിധം പ്രാർഥിക്കുന്നതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. (5)** വിശുദ്ധ പൗലോസ് റോമാക്കാർക്ക് എഴുതിയ 8-ാം അധ്യായത്തിൽ 26-ാം വാക്യമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. ഇപ്രകാരം പഠിപ്പിക്കുന്നു: നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു. (റോമാ 8:26).

പ്രാർത്ഥന എന്ന മഹാവിസ്മയം പടിപടിയായി അനാവരണം ചെയ്തുകൊണ്ടിരിക്കുമ്പോൾ

www.malankaralibrary.com

ഇവിടെ വലിയൊരു രഹസ്യം തുറക്കപ്പെടുകയാണ്. നിത്യപുരോഹിതനായ ഈശോ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് നാം ആദ്യം പഠിച്ചു. എങ്കിൽ ഇവിടെ നിത്യാത്മാവായ, ജീവദാതാവായ, പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുന്നവനായ, നമ്മുടെ സഹായകനായ പരിശുദ്ധാത്മാവും നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന വലിയ സത്യം ഉൾക്കൊണ്ടുകൊണ്ട് പ്രാർത്ഥനയുടെ പുതിയ മാനങ്ങളിലേക്ക് നമ്മൾ ഉയരണം. ഇങ്ങനെ പ്രാർത്ഥിക്കുന്നത് practice ചെയ്യണം. ഈശോ പ്രാർത്ഥിക്കുന്നു, പരിശുദ്ധാത്മാവ് പ്രാർത്ഥിക്കുന്നു എന്നുള്ള ഈ പ്രാർത്ഥനയുടെ വലിയ മാനങ്ങൾ നമ്മൾ പരിചയിക്കണം. അതിന് പ്രായോഗികമായി നമ്മൾ പല പ്രാവശ്യം training നടത്തണം. അങ്ങനെയാണ് പ്രാർത്ഥനയുടെ മഹാവിസ്മയത്തിലേക്ക് നമ്മൾ പ്രവേശിക്കുന്നത്. അത് എത്ര എഴുതിയാലും വായിച്ചാലും പൂർത്തിയാവില്ല. വിശുദ്ധ മദർ തെരേസ പറയാറുള്ളതുപോലെ പ്രാർത്ഥിക്കാൻ പഠിക്കണമെങ്കിൽ, പ്രാർത്ഥിക്കുക. ഇത് നമ്മൾ തന്നെ ഇരുന്ന് പ്രാർത്ഥിക്കുമ്പോഴാണ് പഠിക്കുന്നത്.

CCC 2559 തുടരുന്നു...

എളിമയാണ് പ്രാർഥനയാകുന്ന സൗജന്യ ദാനം സ്വീകരിക്കാൻ വേണ്ട മനോഭാവം. മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ ഭിക്ഷുവാണ് (6). വിശുദ്ധ ആഗസ്തീനോസിന്റെ പള്ളിപ്രസംഗത്തിൽ (Sermon) നിന്നും എഴുതിയിട്ടുള്ളതാണ് ഇത് എന്ന് നമുക്ക് അടിക്കുറിപ്പിൽ നിന്നും മനസ്സിലാക്കാം. വിശുദ്ധ ആഗസ്തീനോസ് (AD354 –430 ജീവിച്ചിരുന്ന സഭാപിതാവ്) ഹിപ്പോ (Hippo) യിലെ ബിഷപ്പും സഭയിലെ ആദ്യകാല സഭാപിതാക്കന്മാരിൽ ഒരാളും വേദപാരംഗതനും (Doctor of the Church) വിശ്വപ്രഖ്യാതമായ അനേകം ദൈവശാസ്ത്ര രചനകളുടെ രചയിതാവുമായ സഭയിലെ വളരെ ശ്രേഷ്ഠനായ പണ്ഡിതനാണ്. വിശുദ്ധ ആഗസ്തീനോസിന്റെ വിശ്വപ്രഖ്യാതമായ രചനങ്ങളാണ് കൺഫഷൻ (My Confession ) സിറ്റി ഓഫ് ഗോഡ് (City of God) ഹാർമണി ഓഫ് ദ ഗോസ്പൽസ് (Harmony of The Gospels), സങ്കീർത്തനങ്ങളുടെ വ്യാഖ്യാനം (Exposition On The Psalms) അതുപോലെ നിരവധി ഗ്രന്ഥങ്ങൾ. ഇതിൽ ഏതെങ്കിലും ഒരു ഗ്രന്ഥത്തിന്റെ കുറച്ചു പേജുകൾ എങ്കിലും മതബോധന പഠന വിദ്യാർത്ഥികൾ പഠിക്കുന്നത് നന്നായിരിക്കും. മതബോധന ഗ്രന്ഥത്തിൽ

www.malankaralibrary.com

ഏറ്റവും കൂടുതൽ ഉദ്ധരണികൾ വിശുദ്ധ ആഗസ്തീനോസിന്റെയാണ്. CCC 30 ൽ അവസാനം പറയുന്നത് ഇങ്ങനെ: **കാരണം, അങ്ങുന്നു ഞങ്ങളെ അങ്ങേക്കായി സൃഷ്ടിച്ചു; അങ്ങിൽ വിശ്രമം കണ്ടെത്തുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും.** ഇതും വേദപാരംഗതനായ വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകളാണ്.

CCC 2559ന്റെ മാർജിനിൽ കൊടുത്തിട്ടുള്ള CCC 2613, CCC 2763 ഖണ്ഡികകളും അതിൽ അടങ്ങിയിരിക്കുന്ന സ്രോതസ്സുകളും വിശദാംശങ്ങളും വിശദമായി അടുത്ത ലക്കത്തിൽ പഠിക്കാം.

ഈ ലക്കം നമ്മൾ സമാഹരിക്കുമ്പോൾ നമുക്ക് മനസ്സിലായി പ്രാർത്ഥന എന്നത് മഹാവിസ്മയമാണന്നും അതിൽ കത്തോലിക്കാ സഭയുടെ മതബോധന പഠനത്തിൽ ഓരോ ഖണ്ഡികയിലും വളരെ ആഴമായ പ്രബോധനങ്ങൾ അടങ്ങിയിരിക്കുന്നുവെന്നും. അത് നമ്മൾ പഠിക്കാൻ ആരംഭിച്ചിരിക്കുന്നു. ഇത് പടിപടിയായി നമുക്ക് പൂർത്തിയാക്കാം.

അത് ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ പ്രാർത്ഥനയെ നവീകരിക്കുമ്പോഴാണ് ഈ പ്രബോധനം കൊണ്ട് നമുക്ക് പ്രയോജനമുണ്ടാകുന്നത്. അത് നമ്മുടെ ക്രിസ്തീയ ജീവിതത്തിന് വളരെ വലിയ പ്രത്യാശയും ശക്തിയും അനുഗ്രഹവും നൽകും. എന്റെ പ്രാർത്ഥനാജീവിതത്തിന് വളരെ വലിയ ഒരു അനുഗ്രഹമായിരുന്നു ഇത് കണ്ടുപിടിച്ചപ്പോൾ. അതായത്, പ്രാർത്ഥന ഈശോയിൽ നിന്ന് ആരംഭിക്കുന്നു, പ്രാർത്ഥനയിൽ ഈശോ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു, പ്രാർത്ഥനയിൽ പരിശുദ്ധാത്മാവ് നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. അതോടൊപ്പം, വിശുദ്ധ കൊച്ചുത്രേസ്യ പുണ്യവതി, വിശുദ്ധ ജോൺ ഓഫ് ദമാസ്കസ്, വിശുദ്ധ ആഗസ്തീനോസ് തുടങ്ങി വേദപാരംഗതന്മാർ അവരുടെ പ്രാർത്ഥനാജീവിതത്തിൽ വളരെ ഉന്നതത്തിൽ എത്തിയതിന്റെ സൈദ്ധാന്തികതയാണ് നമ്മളിലേക്ക് സഭ പകർന്നത്. It is a science of prayer. അതുകൊണ്ട് ഈ വേദപാരംഗതന്മാരെ നമുക്ക് അനുകരിക്കാം. അവരെക്കുറിച്ച് കൂടുതൽ പഠിക്കാം. പുണ്യവാന്മാരുടെ ഐക്യത്തിൽ, അവർ നമുക്ക് വേണ്ടി പ്രാർത്ഥിക്കും. നമ്മൾ ആ രീതിയിൽ ഇന്നുമുതൽ നമ്മുടെ പ്രാർത്ഥനാജീവിതം കത്തോലിക്കാസഭയുടെ മതബോധന പഠനമനുസരിച്ച് നവീകരിക്കാം.

*



താളുകളിലൂടെ...

www.malankaralibrary.com

# സിനഡാത്മകതയും സഭാജീവിതവും



**കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച പ്രബന്ധമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ രചന**



**ബ്രദർ റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ**

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

സഭാതനയരിൽ കുറവുകൾ ഇല്ലാത്തവർ വളരെ കുറവാണ്, പങ്കെടുക്കലും, ഭാഗഭാഗിത്വവും വരുമ്പോൾ എല്ലാം നന്നായിട്ട് നടക്കും. ഒരു കുടുംബത്തിൽ മാതാപിതാക്കൾ മാത്രം അധ്വാനിച്ചാൽ, സജീവ ഭാഗഭാഗിത്വം ഇല്ലാതെ വരും. എന്നാൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് മിണ്ടിയും പറഞ്ഞും ജീവിക്കുകയും അധ്വാനിക്കുകയും ചെയ്യുമ്പോൾ സജീവ-ഭാഗഭാഗിത്വം ഉണ്ടാവും. അതുപോലെതന്നെ ദിവ്യബലിയിൽ സജീവ പങ്കാളിത്തം വരുന്നത് വൈദികൻ മാത്രം ബലിയർപ്പിക്കുമ്പോഴല്ല. മറിച്ച് സമൂഹം, ഗായകസംഘം, ശുശ്രൂഷികൾ എന്നിവർ ഒരുമിച്ച്

www.malankaralibrary.com

പങ്കെടുക്കുമ്പോൾ സജീവ ഭാഗഭാഗിത്വം ഉണ്ടാവും. ഇതുപോലെ സഭയുടെ ശുശ്രൂഷകളിലും, സംഘടനാപരമായ മേഖലകളിലും ഭാഗഭാഗിത്വം ഉണ്ടാകുമ്പോൾ വീണ്ടും തീക്ഷ്ണത പ്രാപിച്ച ആദിമ ക്രൈസ്തവാനുഭവം നമ്മിൽ ഉണ്ടാവും.

### ദൗത്യം

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മാർക്കോസ് 16:20) ഈശോ ശിഷ്യൻമാരെ തിരഞ്ഞെടുക്കുന്നത് സുവിശേഷം പ്രസംഗിക്കാൻ അയ്ക്കാനായിട്ടാണ്. മാമ്മോദീസ ജലം തലയിൽ വീണ ഏതൊരു ക്രൈസ്തവന്റെയും അടിസ്ഥാനപരമായ ദൗത്യമാണ് സുവിശേഷപ്രഘോഷണം, വി.പൗലോസ് ശ്ലീഹാ ഇപ്രകാരം പഠിപ്പിക്കുന്നു. "സുവിശേഷം പ്രസംഗിക്കുക, സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും. ഇത്തരുണത്തിൽ ഒരു ചെറിയ കഥയോർക്കുന്നു. സ്വർഗ്ഗാരോഹണത്തിനു ഈശോ സ്വർഗ്ഗത്തിലേക്കു പോയി എന്നാൽ പത്രോസ് തന്റെ ദൗത്യം മറന്ന് തന്റെ കുലത്തൊഴിലിനുവേണ്ടി ജറുസലെമിന് പുറത്തേക്ക് പോകുമ്പോൾ ഈശോ ജറുസലെമിലേക്ക് വീണ്ടും പോകുന്നത് കണ്ടു. പത്രോസ് ഈശോയോട് ചോദിക്കുകയാണ് "കർ



ത്താവേ നീ എങ്ങോട്ട് പോവുകയാണ്?" എനിക്കുവേണ്ടി സുവിശേഷം പ്രസംഗിക്കാൻ ആരുമില്ല. അതുകൊണ്ട് ഞാൻ വീണ്ടും പീഡ സഹിക്കാൻ പോവുകയാണ്. ഇതു കേട്ട പത്രോസ് ശ്ലീഹാ വീണ്ടും ശക്തിപ്രാപിച്ച് സുവിശേഷം പ്രഘോഷിക്കാൻ പോകുന്നതായി നമ്മൾ കാണുന്നു. സുവിശേഷ പ്രഘോഷണത്തിൽ നിന്ന് മുമ്പോട്ടോ, പിറകോട്ടോ എന്നു ചിന്തിക്കാനില്ല - അതുതന്നെയാണ് നമ്മുടെ പ്രധാന ദൗത്യം.

പരി. പിതാവ് ഫ്രാൻസിസ് പാപ്പ തന്റെ കാനഡയിലേക്കുള്ള അപ്പസ്തോലിക യാത്രയിൽ ഈശോ സഭാംഗങ്ങളുമായി നടത്തിയ സംഭാഷണത്തിൽ എടുത്തു പറയുന്നു "സിനഡിനെക്കുറിച്ചുള്ള ദൈവശാസ്ത്രം വായിച്ച് മനസ്സിലാക്കമെന്നുണ്ടെങ്കിൽ ഏറ്റവും നല്ല പുസ്തകം നടപടി പുസ്തകമാണ്." എന്നിട്ടും മനസ്സിലാകുന്നില്ലെങ്കിൽ വീണ്ടും വായിക്കാനായി ആവശ്യപ്പെടുന്നു. നടപടി പുസ്തകം

www.malankaralibrary.com

അർത്ഥമാക്കുന്നതും എടുത്തു കാണിക്കുന്നതും അപ്പസ്തോലൻമാരുടെ കൂട്ടായ്മയും ഭാഗഭാഗിത്വവും മിഷൻ പ്രവർത്തനവും തന്നെയാണ്.

### സിനഡാത്മകതയും സഭാജീവിതവും

സിനഡാത്മകതയും സഭാജീവിതവും വളരെയധികം ബന്ധമുള്ള രണ്ട് വസ്തുതകളാണ്-വിഷയവും അതുതന്നെയാണല്ലോ. സിനഡാത്മകതയെക്കുറിച്ചും ഒരുമിച്ച് നടക്കേണ്ടതിനെക്കുറിച്ചും നമ്മൾ വിചിന്തനം നടത്തി. എന്നാൽ സിനഡാത്മകതയും സഭാജീവിതവും വേറെ വേറെ ചിന്തിക്കുന്നതിനെക്കാൾ നല്ലത് ഇവ രണ്ടും കൂടി ചേർത്ത് ചിന്തിക്കുന്നതാണ്. വി. ആൻജലി മേഴ്സി ഇപ്രകാരം പഠിപ്പിക്കുന്നു. "സമൂഹത്തിൽ എന്തെങ്കിലും അക്രമമുണ്ടങ്കിൽ ക്രമം തെറ്റി അക്രമം ഉണ്ടാകുമ്പോൾ അതിന്റെ വേര് ചെന്ന് നിൽക്കുന്നത് കുടുംബങ്ങളിലാണ്. സഭാജീവിതം നയിക്കുന്ന തിരഞ്ഞെടുക്കപ്പെട്ടവർ മാർപാപ്പ, കർദ്ദിനാൾമാർ, മെത്രാന്മാർ, വൈദികർ, സന്യസ്തർ എന്നിവരെക്കുറിച്ച് പറയുമ്പോൾ ഇവരാരുംതന്നെ സ്വർഗ്ഗത്തിൽ നിന്ന് നൂലിൽ കെട്ടി ഇറക്കപ്പെട്ടവരല്ല, സാധാരണ മനുഷ്യരെപ്പോലെ ചോരയും നീരും ചിന്താശേഷിയും വികാരവിചാരങ്ങളും ഉള്ള പച്ചയായ മനുഷ്യരാണെന്നുള്ള ചിന്ത മനസ്സിൽ വയ്ക്കാനായി ഞാൻ ആവശ്യപ്പെടുന്നു. അതുപോലെതന്നെ സഭാജീവിതം നയിക്കുന്ന പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും വിളിക്കപ്പെട്ടവർക്കും അല്മായരായി സഭാജീവിതം നയിക്കുന്നവരോട് ഉണ്ടാകേണ്ടത് ക്രിസ്തുവിന്റെ മനോഭാവങ്ങളിൽ ഒന്നായ "അനുകമ്പയാണ്." വി. മത്തായി ഇപ്രകാരം പഠിപ്പിക്കുന്നു. ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരായിരുന്നു (മത്താ 9: 35-38). ഇതുതന്നെയാണ് വി. പൗലോസ് ശ്ലീഹാ തന്റെ ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ ഓർമ്മിപ്പിക്കുന്നത്" "പാവങ്ങളെപ്പറ്റി ചിന്തവേണം എന്നു മാത്രമേ ഞങ്ങളോട് അവർ ആവശ്യപ്പെട്ടുള്ളൂ. അതുതന്നെയാണ് എന്റെ തീവ്രമായ താത്പര്യം' (ഗലാ 2:10).

ഒരു കമ്പനിയുടെ മാനേജരായ എന്റെ കൂട്ടുകാരൻ അവന്റെ അനുഭവം എന്നോട് പറഞ്ഞു. അവന്റെ സഹപ്രവർത്തകൻ ബാക്കിയുള്ളവരുമായി പൊരുത്തപ്പെട്ട് പോകാൻ ബുദ്ധിമുട്ടുന്ന അവസരത്തിൽ ആ സ്നേഹിതനെ വന്നു കണ്ടു പറഞ്ഞു. എനിക്ക് ബാക്കിയുള്ളവരുമായി പൊരുത്തപ്പെടാൻ ബുദ്ധി

www.malankaralibrary.com

മുട്ടാണ്. മാനേജരായ വ്യക്തിയും തിരിച്ച് പറഞ്ഞു എനിക്കും പൊരുത്തപ്പെട്ട് പോകാൻ ബുദ്ധിമുട്ടാണ്. എന്നിട്ട് ATTITTUDE എന്ന വാക്കാണ് ഉത്തരമായി കൊടുത്തത്. എന്നിട്ട് ഉദാഹരണവും പറഞ്ഞു. ഉദാഹരണത്തിന് ഞാൻ ഇരിക്കുന്ന കസേരയുടെ പിന്നിൽ ഇരിക്കുന്ന വ്യക്തി ഞാൻ ഇരിക്കുന്ന കസേരയിൽ അനാവശ്യമായി താളമടിക്കുന്നു. സ്വാഭാവികമായും ദേഷ്യം വരും. ഈ നടക്കുന്ന പ്രവൃത്തിയെ ഒരു വസ്തുവായി പരിഗണിച്ച് ഒരു പാത്രത്തിൽ കയറ്റി വയ്ക്കുക. എന്നിട്ട് നാല് വശത്തുനിന്ന് നോക്കുക, ചിന്തിക്കുക, നമ്മുടെ ദേഷ്യം കുറയും. കാരണം താളമടിക്കുന്നയാൾ ഏതെങ്കിലും ബുദ്ധിമുട്ടുള്ള വ്യക്തിയാണോ എന്നറിയാത്തതുകൊണ്ട്. വേറെയും ചിന്തകൾ ഇവിടെ കൊണ്ടുവരാം. ഇങ്ങനെ "മാറി ചിന്തിക്കുന്ന" ചിന്താരീതി, മനോഭാവം; വന്നാൽ തന്നെ നമ്മുടെ സമൂഹത്തിൽ വ്യത്യാസം വരും. ATTITTUDE എന്ന വാക്കിന് ഇംഗ്ലീഷ് അക്ഷരമാലയിൽ ഓരോ അക്ഷരത്തിനും അക്കമിട്ട ശേഷം വാക്ക് കൂട്ടിയാൽ 100 എന്ന് കിട്ടും. ക്രിസ്തുവിന്റെ മനോഭാവം എടുക്കാൻ സാധിച്ചില്ലെങ്കിലും യേശു ജനങ്ങളോട് അനുകമ്പ കാണിച്ചതുപോലെ നമുക്കും സാധിക്കണം. ജനങ്ങളെ ശ്രവിക്കാനും, കേൾക്കാനും തിരിച്ച് സംസാരിക്കാനും വിഷമങ്ങളിൽ പങ്കുകാരാവണമെങ്കിൽ ഈ മനോഭാവം നമുക്ക് ഉണ്ടാവണം.


ആകെത്തുകയായി പറഞ്ഞാൽ ആദിമ ക്രൈസ്തവരിലുണ്ടായിരുന്ന തുറവിയും തിരുത്തലും, ഒരുമിച്ചുള്ള വളർച്ചയും - എല്ലാം മറ്റു ജനങ്ങൾ കാണുമ്പോൾ ആദ്യമായി അന്ത്യോക്യായിൽ വച്ച് ക്രിസ്തുവിന്റെ അനുയായികളെ - "ക്രൈസ്തവർ" എന്ന് വിളിക്കപ്പെട്ടതുപോലെ, ഇന്ന് ഈ 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിക്കുന്ന നമ്മളെയും നാമമാത്ര ക്രൈസ്തവരായി കാണാതെ ക്രിസ്തുവിന്റെ അനുയായികളായി മറ്റുള്ളവർ കാണണം. അതിന് നമ്മൾ ഒരുമിച്ച് നടക്കണം. സമൂഹത്തിൽ പലതരത്തിലുള്ളവർ, വിവിധ പ്രായത്തിലുള്ളവർ, പല മാനസികാവസ്ഥയുള്ളവർ, ചിന്താരീതി, ലിംഗം, കാലാവസ്ഥ, സംസ്കാരം, സ്ഥലകാല വ്യത്യാസങ്ങൾ വിവാഹിതർ, അവിവാഹിതർ, കുട്ടികൾ..... അങ്ങനെ എല്ലാ തരത്തിൽപ്പെട്ടവരെയും ഒന്നായി കാണുവാൻ ക്രിസ്തുവിന്റെ ഈ മനോഭാവം നമുക്ക് അത്യന്താപേക്ഷിതമാണ്.

(തുടരും)

താളുകളിലൂടെ...

www.malankaralibrary.com

# പാപസർപ്പപിശാചിന്റെ തല
## തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ





എം. കോഴിമണ്ണിൽ

(കഴിഞ്ഞ ലക്കം തുടർച്ച)

വിയർത്തൊലിച്ചു വിഷാദമുഖനായി കയറി വരുന്ന കുടുംബനാഥൻ. ആ കുടുംബനാഥനെ കാത്തിരിക്കുന്ന കുടുംബനാഥയും കുഞ്ഞുമക്കളിരുവരും.

'ഇന്നും വരുമെന്നു പറഞ്ഞ ആ സ്ത്രീയുടെ സന്തതി വന്നില്ല. നമ്മുടെ പഴയ തറവാടിന്റെ അതിരിൽ പോലും എന്നെ അടുപ്പിച്ചില്ല പതിവു പോലെ.' ആദാം വിതുമ്പലോടെ പറഞ്ഞു.

'അപ്പനെന്തൊക്കെയാണീ
പറയുന്നത്?
നമുക്കൊരു
തറവാടുണ്ടായിരുന്നോ ?
എന്തിനാണവിടുന്നു പോന്നത് ?
കായേനും ഹാബേലും ഒരേ
സ്വരത്തിൽ അപ്പനോടു ചോദിച്ചു.

ശരിയാണ്. ഏദൻപറുദീസയെന്ന ആ പരമസൗഭാഗ്യവാസ കേന്ദ്രം കായേനും ഹാബേലും കണ്ടിട്ടില്ല. ആദാമും ഹവ്വായും ഏദൻപറുദീസിൽ നിന്നും പുറത്താക്കപ്പെട്ടതിനു ശേഷമാണ് ഇരുവരും ജനിക്കുന്നത്. കൊല്ലമിപ്പോൾ ഏഴു കഴിഞ്ഞു.

ആദാം പറഞ്ഞു. മക്കളെ,
ഞാനെല്ലാം പറയാം.

ആദാം തുടർന്നു;

www.malankaralibrary.com

‘അന്നൊരു ദിവസം. ആണ്ടുമാസ തീയതിയൊന്നും എനിക്കറിയില്ല. (മൂക്കിൽ തൊട്ടിട്ട്) ഈ മൂക്കിന്റെ മുന്നിൽ നിന്നാണു തുടക്കം. വർണ്ണിക്കുവാൻ വയ്യാത്ത വിധം പരിമളം പരത്തുന്ന സുന്ദരശീതള മന്ദമാരുതൻ മൂക്കിനുള്ളിലേക്കു കയറിയതും എന്റെ ഈ ശരീരമാസകലം എന്തോ ഇഴഞ്ഞൊഴുകുന്നതുപോലെയൊരു തോന്നലും. ശരീരത്തിനു പുറത്തല്ല, (തടിച്ച ഞരമ്പുകൾ തൊട്ടു കാണിച്ച് ) ഈ ഞരമ്പുകൾക്കുള്ളിൽ.

ഈ കണ്ണുകൾക്കു മുന്നിൽ അഭൗമമായൊരു ദിവ്യ ശോഭ. കൈകാലുകൾക്കു ചലനം വന്നപ്പോൾ മണ്ണിനു മുകളിൽ നെടുനീളെ കിടക്കുന്നു ഞാൻ.

നനച്ചു കുഴച്ച മണ്ണിന്റെ മണം അലയടിച്ചു വരുന്ന പരിമളമാരുതനിലലിഞ്ഞില്ലാതെയായി.

പരിമളമാരുതന്റെ പശ്ചാത്തലത്തിൽ പ്രപഞ്ചത്തെ പ്രകമ്പനം കൊള്ളിച്ചു വന്ന ഗാംഭീര്യ സ്വരവും നിശബ്ദതയിലേക്കു നീങ്ങി. പിന്നീടു കേട്ടത് നാലുപാടു നിന്നും അലയടിച്ചു വന്ന മനോഹര ഗാനത്തിന്റെ മധുര സ്വരം.

അങ്ങനെയായിരുന്നു തുടക്കം’.

(തുടരും)

## *Feast Day of Bishops*

| | | |
|---|---|---|
| 1. | Mar Thomas Mar Koorilos | March 18 |
| 2. | Mar Jose Pulickal | March 19 |
| 3. | Mar Joseph Perumthottam | March 19 |
| 4. | Mar Joseph Kallarangatt | March 19 |
| 5. | Mar Jose Porunnedom | March 19 |
| 6. | Most Rev. Dr. Joseph Kalathiparambil | March 19 |
| 7. | Rt. Rev. Dr. Joseph Kariyil | March 19 |
| 8. | Mar Joseph Pandarasseril | March 19 |
| 9. | Rt. Rev. Dr. Joseph Karikkassery | March 19 |
| 10. | Mar Joseph Pamplany | March 19 |

www.malankaralibrary.com





ഷെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

# ഉത്ഥിതനോട്

സ്വസ്ഥനാൾ കഴിയുന്ന പുലരിയിൽ ഞാനെന്റെ
നാഥനെ കല്ലറയിൽ കാണാൻ
സൗഗന്ധലേപനക്കൂട്ടുമായവിടത്തെ
സംസ്കരിച്ചേടത്തു ഞാനെത്തി

നാഥന്റെ തിരുമേനി കണ്ടില്ലവിടത്തെ
തിരുശീലമാത്രം കിടപ്പൂ
ഞെട്ടിത്തിരിഞ്ഞു ഞാൻ നോക്കുമ്പോൾ കാണുന്നു
തോട്ടക്കാരനെപ്പോലൊരാളെ
അവിടന്നു 'മേരി' യെന്നെന്നെ വിളിച്ചപ്പോൾ
അറിയുന്നു ഞാനതെന്റെ 'റബ്ബോനി!'

പാദത്തിൽ വീണു ഞാൻ പൊട്ടിക്കരഞ്ഞുപോയ്
നാഥാ, നീ കണ്ണു തുറന്നീടണേ
ഉയരങ്ങളിൽ നിന്നു വീശും പ്രകാശമേ
ഉത്ഥിതനേ, സ്വർഗവഴികാട്ടണേ

താളുകളിലൂടെ...

www.malankaralibrary.com

പ്രിയരേ,

കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ഔദ്യോഗിക മുഖപത്രമായ താലന്ത് 1978 മുതൽ പാലാരിവട്ടം പി.ഒ.സി.യിൽനിന്നു പ്രസിദ്ധീകരിച്ചുവരികയാണല്ലോ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസിലാക്കിക്കൊണ്ട് അനിവാര്യമായ മാറ്റങ്ങളോടെ ഈ മുഖപത്രം കേരളസഭയിലെ എല്ലാ വിശ്വാസിസമൂഹത്തിനും ലഭ്യമാക്കത്തക്കവിധം പുതുമകളോടെ പ്രസിദ്ധീകരിക്കുകയാണ്. കേരളസഭയെ സംബന്ധിക്കുന്ന ഔദ്യോഗിക വിഷയങ്ങൾ, മതബോധനം എന്നിവ കൃത്യമായും നേരിട്ടും പഠിക്കുവാൻ ഈ സംരംഭത്തോട് സ്നേഹപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാർഷിക വരിസംഖ്യ - Rs. 180**
**മൂന്ന് വർഷത്തേക്ക് - Rs. 500**

ഈ തുക മണിഓർഡർ വഴി അയ്ക്കാവുന്നതാണ്

Contact Number : 94474 41109



സ്നേഹപൂർവം,
**ഫാ. ടോണി കോഴിമണ്ണിൽ**
**ചീഫ് എഡിറ്റർ**

www.malankaralibrary.com

## കെസിബിസി ബൈബിൾ കമ്മീഷൻ ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ

(ന്യായാ 1:10, ലൂക്കാ 9:16, 2 കോറി 7:13, പ്രഭാ 34:40)

1. ഹെബ്രോൺ മുമ്പ് അറിയപ്പെട്ടിരുന്നതെങ്ങനെ?
കിരിയാത്ത് അർബാ (ന്യായാ 1:10)
2. കിരിയാത്ത് സേഫർ ആക്രമിച്ചു കീഴടക്കുന്നവന് തന്റെ മകളെ ഭാര്യയായി നൽകുമെന്നു വാഗ്ദാനം ചെയ്തതാര്? കാലെബ് (ന്യായാ 1:12)
3. ഹോർമാ പട്ടണത്തിന്റെ പഴയ പേരെന്തായിരുന്നു? സേഫാത്ത് (ന്യായാ 1:17)
4. ബഥേലിനെതിരേ പുറപ്പെട്ടതാര്? ജോസഫിന്റെ ഗോത്രം (ന്യായാ 1:22)
5. ഏതൊക്കെ സ്ഥലങ്ങളിലാണ് അമോര്യർ താമസം തുടർന്നത്?
ഹാർഹെറെസിലും അയ്യാലോണിലും ഷാൽബീമിലും (ന്യായാ 1:35)
6. ഏഹൂദ് എഗ്ലോനെ വധിച്ചിട്ട് അവിടെനിന്നു പോയതിനുശേഷം ആരാണ് അവിടെ വന്നത്? പരിചാരകർ (ന്യായാ 3:23)
7. ദബോറ പ്രവാചിക ആരുടെ ഭാര്യയായിരുന്നു?
ലപ്പിദോത്തിന്റെ ഭാര്യ (ന്യായാ 4:4)
8. യോവാഷിന്റെ പുത്രന്റെ പേരെന്ത്?
ഗിദെയോൻ (ന്യായാ 6:11)
9. ഗിദെയോൻ കർത്താവിനു പണിത ബലിപീഠത്തിന്റെ പേരെന്ത്?
യാഹ്വേ - ഷാലോം (ന്യായാ 6:24)
10. എന്തു വെട്ടിവീഴ്ത്തണമെന്നാണ് കർത്താവ് ഗിദെയോനോടു കല്പിച്ചത്? അഷേരാപ്രതിഷ്ഠ (ന്യായാ 6:25)
11. എവിടെവച്ച് താൻ ഗിദെയോനുവേണ്ടി ജനങ്ങളെ പരിശോധിക്കാമെന്നാണ് കർത്താവ് ഗിദെയോനോടു പറഞ്ഞത്? ജലാശയത്തിങ്കൽവച്ച് (ന്യായാ 7:4)
12. ജായിർ അടക്കപ്പെട്ടതെവിടെ? കാമോനിൽ (ന്യായാ 10:5)
13. ആർക്ക് അറിവു കുറയുമെന്നാണ് പ്രഭാഷകൻ അഭിപ്രായപ്പെടുന്നത്?
അനുഭവജ്ഞാനമില്ലാത്തവന് (പ്രഭാ 34:10)
14. ആരുടെ ജീവനാണ് നിലനിൽക്കുക? ദൈവഭക്തന്റെ ജീവൻ (പ്രഭാ 34:14)
15. കല്പനകൾ അനുസരിക്കുന്നത് എന്തിനു തുല്യമാണ്?
സമാധാനബലിക്കു തുല്യം (പ്രഭാ 35:2)
16. ആരാണു സ്വീകാര്യൻ? കർത്താവിനു പ്രീതികരമായി ശുശ്രൂഷചെയ്യുന്നവൻ (പ്രഭാ 35:20)

www.malankaralibrary.com

17. തന്റെ പ്രാർഥന കർത്തൃസന്നിധിയിലെത്തുന്നതുവരെ സ്വസ്ഥനാവുകയില്ലാത്തതാര്? വിനീതൻ (പ്രഭാ 35:21)
18. ഏതു പ്രവചനങ്ങൾ പൂർത്തിയാക്കണമെന്നതാണ് പ്രഭാഷകന്റെ പ്രാർഥന? അങ്ങയുടെ നാമത്തിൽ അരുൾ ചെയ്യപ്പെട്ട പ്രവചനങ്ങൾ (പ്രഭാ 36:20)
19. ഗോപുരത്തിനു മുകളിലിരുന്നു നിരീക്ഷിക്കുന്ന ഏഴുപേരെക്കാൾ കൂടുതൽ വിവരങ്ങൾ നൽകുന്നത് എന്ത്? സ്വന്തം ഹൃദയം (പ്രഭാ 37:14)
20. അവന്റെ വിവേകത്തിന്റെ ഫലം വിശ്വസനീയമാണ്. അവൻ ആര്? ജ്ഞാനി (പ്രഭാ 37:23)
21. പ്രഭാ 38:4 പ്രകാരം കർത്താവ് ഭൂമിയിൽനിന്ന് സൃഷ്ടിച്ചതെന്ത്? ഔഷധങ്ങൾ (പ്രഭാ 38:4)
22. പ്രഭാ 39:19 നു സമാനമായ പഴയനിയമഭാഗമേത്? ജ്ഞാനം 1:7-10
23. ആർക്കാണ് വൈദ്യസഹായം തേടേണ്ടിവരുക? സ്രഷ്ടാവിന്റെ മുമ്പിൽ പാപം ചെയ്യുന്നവന് (പ്രഭാ 38:15)
24. ഹൃദയത്തെ ആനന്ദിപ്പിക്കുന്നതെന്ത്? വീഞ്ഞും സംഗീതവും (പ്രഭാ 40:20)
25. "ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" ഈ ചോദ്യം യേശു ആരോടാണ് ചോദിച്ചത്? ശിഷ്യന്മാരോട് (9:18)
26. ലൂക്കാ എഴുതിയ സുവിശേഷത്തിൽ യേശു പന്ത്രണ്ട് അപ്പസ്തോലന്മാർക്ക് അധികാരവും ശക്തിയും നല്കിയതെന്തിനെല്ലാം? പിശാചുക്കളുടെമേലും രോഗങ്ങൾ സുഖപ്പെടുത്താനും (ലൂക്കാ 9:1)
27. പീഡാനുഭവത്തെക്കുറിച്ചുള്ള ഒന്നാം പ്രവചനത്തിൽ താൻ ആരെല്ലാം തിരസ്ക്കരിക്കപ്പെടും എന്നാണ് യേശു അരുൾ ചെയ്തത്? ജനപ്രമാണികൾ, പുരോഹിതപ്രമുഖന്മാർ, നിയമജ്ഞർ (ലൂക്കാ 9,22)
28. രൂപാന്തരീകരണമലയിലേക്ക് യേശു തന്നോടൊപ്പം കൂട്ടിക്കൊണ്ടുപോയ ശിഷ്യന്മാർ ആരെല്ലാം? പത്രോസ്, യോഹന്നാൻ, യാക്കോബ് (ലൂക്കാ 9:28)
29. സമരിയാക്കാരുടെ ഗ്രാമത്തിലൂടെ കടന്നുപോകുമ്പോൾ കണ്ടുമുട്ടിയ മൂവരിൽ ആരോടാണ് തന്നെ അനുഗമിക്കാൻ യേശു കല്പിച്ചത്? രണ്ടാമനോട് (ലൂക്കാ 9:59)
30. ക്രിസ്തുശിഷ്യൻ ഒരു വീട്ടിൽ പ്രവേശിക്കുമ്പോൾ ആശംസിക്കുന്ന സമാധാനം ആ വീട്ടിലുള്ള ആരിൽ കുടികൊള്ളും എന്നാണ് യേശു അരുൾ ചെയ്യുന്നത്? സമാധാനത്തിന്റെ പുത്രനിൽ (ലൂക്കാ 10:6)
31. അശുദ്ധാത്മാവ് ഒരുവനെ വിട്ടുപോയാൽ അത് വരണ്ട സ്ഥലങ്ങളിലൂടെ

www.malankaralibrary.com

ആശ്വാസം തേടി അലഞ്ഞുനടക്കുന്നു. കണ്ടെത്താതെ വരുമ്പോൾ അവൻ ചെയ്യുന്നതെന്ത്? ഇറങ്ങിപ്പോന്ന ഭവനത്തിലേക്ക് തിരിച്ചു ചെല്ലുന്നു (ലൂക്കാ 11:24)

32. ആരാണ് വിധിദിനത്തിൽ ഈ തലമുറയോടുകൂടെ ഉയിർത്തെഴുന്നേൽക്കുകയും ഇതിനെ കുറ്റം വിധിക്കുകയും ചെയ്യുന്നത്?
നിനെവേ നിവാസികൾ (ലൂക്കാ 11:32)
33. ഫരിസേയർ കോപ്പകളുടെയും പാത്രങ്ങളുടെയും പുറം കഴുകി വെടിപ്പാക്കുന്നുവെങ്കിലും അവരുടെ അകം എന്തുകൊണ്ട് നിറഞ്ഞിരിക്കുന്നു എന്നാണ് യേശു പറയുന്നത്? കവർച്ചയും ദുഷ്ടതയുംകൊണ്ട് (ലൂക്കാ 11:39)
34. ശരീരത്തെ കൊല്ലുന്നതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ കഴിയാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട എന്ന് യേശു പഠിപ്പിക്കുന്നത് ശിഷ്യന്മാരെ എങ്ങനെ സംബോധനചെയ്തുകൊണ്ടാണ്? എന്റെ സ്നേഹിതരേ (ലൂക്കാ 12:4)
35. ഭോഷനായ ധനികൻ എന്ത് പൊളിച്ചാണ് കൂടുതൽ വലിയവ പണിയും എന്ന് ചിന്തിച്ചത്? അറപ്പുരകൾ (ലൂക്കാ 12:18)
36. സിലോഹായിലെ ഗോപുരം ഇടിഞ്ഞുവീണു കൊല്ലപ്പെട്ട ആ പതിനെട്ടുപേർ ആരെക്കാൾ കുറ്റക്കാരായിരുന്നുവെന്നു നിങ്ങൾ വിചാരിക്കുന്നുവോ എന്നാണ് യേശു ചോദിക്കുന്നത്? അന്നു ജറുസലേമിൽ വസിച്ചിരുന്ന എല്ലാവരെയും കാൾ (ലൂക്കാ 13:4)
37. സിനഗോഗിൽവച്ച് യേശു കണ്ട സ്ത്രീ കൂനിയായത് എന്തുകൊണ്ടാണ്?
ഒരു ആത്മാവു ബാധിച്ചതുകൊണ്ട് (ലൂക്കാ 13:11)
38. ലാസറിന്റെ രോഗം എന്തായിരുന്നു?
ശരീരം വ്രണങ്ങൾകൊണ്ടു നിറഞ്ഞിരുന്നു (ലൂക്കാ 16:20)
39. നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചത് എന്തുകൊണ്ട്?
കൗശലപൂർവ്വം പ്രവർത്തിച്ചതിനാൽ (ലൂക്കാ 16:8)
40. ധൂർത്തപുത്രന്റെ ഉപമ രേഖപ്പെടുത്തിയിരിക്കുന്ന സുവിശേഷമേത്?
എത്രാമത്തെ അദ്ധ്യായത്തിൽ? ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ
41. നഷ്ടപ്പെട്ട ആടിനെ കണ്ടുകിട്ടി തോളിലേറ്റി വീട്ടിലെത്തുമ്പോൾ സന്തോഷത്തിൽ പങ്കുചേരുവാൻ ആരെയെല്ലാമാണ് ഉടമസ്ഥൻ വിളിച്ചുകൂട്ടുന്നത്?
കൂട്ടുകാരെയും അയൽവാസികളെയും (ലൂക്കാ 15:6)
42. എന്തിലൂടെയാണ് കോറിന്തോസുകാരുടെ സ്നേഹം യഥാർത്ഥമാണെന്ന്

www.malankaralibrary.com

പൗലോസ് ശ്ലീഹാ തെളിയിക്കുന്നത്?
മറ്റുള്ളവരുടെ ഉത്സാഹത്തിലൂടെ (2 കോറി 8:8)

43. 2 കോറി 8:15 നു സമാനമായ പഴയനിയമഭാഗമേത്?
പുറ 16:18

44. തങ്ങളുടെ സമരായുധങ്ങൾ ജഡികമല്ല എന്നെഴുതുന്ന പൗലോസ് ശ്ലീഹാ പിന്നെ അവ എങ്ങനെയുള്ളവയാണെന്നാണ് പറയുന്നത്?
ദുർഗമങ്ങളായ കോട്ടകൾ തകർക്കാൻ ദൈവത്തിൽ അവ ശക്തങ്ങളാണ് (2 കോറി 10:4)

45. തന്നെക്കുറിച്ചുതന്നെയുള്ള പൗലോസ് ശ്ലീഹായുടെ വിശ്വാസം എന്താണ്?
മറ്റ് അപ്പസ്തോലപ്രമാണികളെക്കാൾ ഒട്ടും കുറഞ്ഞവനല്ല താൻ എന്ന് (2 കോറി 11:5)

46. പൗലോസ് ശ്ലീഹാ എത്ര പ്രാവശ്യം കപ്പലപകടത്തിൽപ്പെട്ടു?
മൂന്നു പ്രാവശ്യം (2 കോറി 11:25)

47. എങ്ങനെയുള്ള കാര്യങ്ങളാണ് പറുദീസായിലേക്ക് ഉയർത്തപ്പെട്ട മനുഷ്യൻ കേട്ടത്?
അവാച്യവും മനുഷ്യനു വിവരിച്ചുകൂടാത്തതുമായ കാര്യങ്ങൾ (2 കോറി 12:4)

48. ശരീരത്തിൽ നൽകപ്പെട്ടിരിക്കുന്ന മുള്ള് തന്നെ വിട്ടകലാൻ വേണ്ടി കർത്താവിനോടപേക്ഷിച്ച പൗലോസ് ശ്ലീഹായോട് കർത്താവ് അരുൾ ചെയ്തത് എന്താണ്?
നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത് (2 കോറി 12:9)

49. തീർച്ചയായും താൻ കോറിന്തോസുകാർക്ക് ഒരു ഭാരമായിരിക്കുകയില്ല എന്നുപറയുന്ന പൗലോസ് ശ്ലീഹാ അതിനുകാരണമായി പറയുന്നതെന്ത്?
ഞാൻ കാംക്ഷിക്കുന്നത് നിങ്ങളെയാണ്, നിങ്ങൾക്കുള്ളതല്ല (2 കോറി 12:14)

50. എന്തു പരിശോധിക്കുവാനാണ് പൗലോസ് ശ്ലീഹാ കോറിന്തോസുകാരോട് ആവശ്യപ്പെടുന്നത്?
വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് (2 കോറി 13:5)

**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**



താളുകളിലൂടെ...

www.malankaralibrary.com



# കെസിബിസി പ്രോലൈഫ് സമിതിയുടെ ഭിന്നശേഷി ക്ഷേമ പദ്ധതി ആരംഭിച്ചു




വലിയ കുടുംബക്ഷേമ പദ്ധതിയുടെ ആദ്യ എൻഡോവ്മെന്റ് സുനി & ജെനി കുടുംബത്തിന് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ നൽകി ആദരിക്കുന്നു. ജെയിംസ് ആഴ്ചങ്ങാടൻ, സാബു ജോസ്, ജോൺസൺ ചൂരേപറമ്പിൽ, ഫാ. ജേക്കബ് പാലക്കാപ്പിള്ളി, ഫാ. ജോജി, ഫാ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, ആന്റണി പത്രോസ്, ജോയ്സ് മുക്കുടം തുടങ്ങിയവർ സമീപം.

**കൊച്ചി**: കെസിബിസി പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വലിയ കുടുംബങ്ങളിലെ ഭിന്നശേഷിയുള്ള കുട്ടികളുള്ള കുടുംബങ്ങൾക്കായുള്ള 'ഹോളി ഫാമിലി എൻഡോവ്മെന്റ് പദ്ധതി' പൊതുസമ്മേളനത്തിൽ വെച്ച് സീറോ മലബാർ സഭയുടെ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയ പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. പ്രഥമ പുരസ്കാരം സുനി & ജെനി ദമ്പതികൾക്ക് നൽകി. ഭൂമിയിൽ ജനിക്കുന്ന ഒരോ കുഞ്ഞും ഈ ലോകത്തിന് വലിയ അനുഗ്രഹവുമായിട്ടാണ് കടന്നുവരുന്നതെന്ന് അദ്ദേഹം പറഞ്ഞു. ജീവന്റെ സംരക്ഷണത്തിനുവേണ്ടി സമർപ്പണത്തോടെ പ്രവർത്തിക്കുന്ന പ്രൊ ലൈഫ് ശുശ്രുഷകരെ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അനുമോദിച്ചു.

കെസിബിസി പ്രോലൈഫ് സമിതി പ്രസിഡന്റ് ശ്രീ. ജോൺസൺ ചൂരേപറമ്പിൽ അധ്യക്ഷത വഹിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. ജേക്കബ് പാലക്കാപ്പിള്ളി, പ്രോലൈഫ് സമിതി സംസ്ഥാന ഡയറക്ടർ റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടൻ, ആനിമേറ്റർ സാബു ജോസ്, സെക്രട്ടറി ജെസ്ലിൻ ജോ തുടങ്ങിയവർ പ്രസംഗിച്ചു.

www.malankaralibrary.com

സമീക്ഷകൻ

# കണക്കുകൾ പറയുന്നത് കഥകളല്ല, യാഥാർത്ഥ്യങ്ങളാണ്...

പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ 2020–22 ൽ പ്രസിദ്ധീകരിച്ച ത്രൈവാർഷിക റിപ്പോർട്ടിൽ ശ്രീ ജെയിംസ് വടക്കൻ എഴുതിയ ഒരു ലേഖനമുണ്ടായിരുന്നു. ആ ലേഖനത്തിൽ കർഷകരാണ് പരിസ്ഥിതി സംരക്ഷിക്കുന്നതിൽ മുൻപന്തിയിൽ ഉള്ളതെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വിശദമാക്കിയിരുന്നു. കേരളത്തിന്റെ ഹരിതാഭയ്ക്കും പച്ചപ്പിനും കാരണം കൃഷിഭൂമിയിൽ കർഷകർ യാതൊരു പ്രതിഫലവും കൂടാതെ വച്ചുപിടിപ്പിച്ച നാനാജാതി വൃക്ഷലതാദികളാണെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. കേരളത്തിലെ ആ മേഖലയുടെ മൊത്തം വിസ്തീർണ്ണം 21254 ചതുരശ്രകിലോമീറ്ററാണ്. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 24.9 ശതമാനം വരുമിത്. കർഷകർ നട്ടു വളർത്തുന്ന വൃക്ഷാവരണം സർക്കാർ വനത്തേക്കാൾ കൂടുതലാണ്. 11574 ചതുരശ്ര കിലോമീറ്റർ (സർക്കാർ വനങ്ങൾ 9679 ച.കി.മീറ്ററേയുള്ളൂ). കേരളം ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 1.2 ശതമാനമാണ്. എന്നാൽ ദേശീയ വനവിസ്തൃതിയുടെ 2.3%വും കേരളത്തിലാണ്! ദേശീയ വനനയംപോലും നിഷ്കർഷിക്കുന്നത് ആ വിസ്തൃതിയുടെ 33% ആണെങ്കിൽ കേരളത്തിലെ വനാവരണം 50 ശതമാനത്തിലേറെയാണ്. കെസിബിസി ജാഗ്രതാ ന്യൂസിൽ (2021 ഒക്ടോബർ ലക്കം) ശ്രീ അലക്സ് ഒഴുകയിൽ എഴുതിയ ലേഖനത്തിലും പരിസ്ഥിതി സംരക്ഷകരായ കർഷകർ നേരിടുന്ന വന്യജീവി ശല്യത്തെപ്പറ്റി പരാമർശിച്ചിരുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതി മലയോര ജനത നേരിടുന്ന പ്രശ്നങ്ങൾ പലവട്ടം ഭരണകൂടത്തെ അറിയിച്ചിട്ടും അതെല്ലാം വനരോദനമായി പരിണമിച്ചുവോ? കൃഷിയിടങ്ങളിൽ വച്ചും, വീട്ടുമുറ്റത്തു വച്ചും, പൊതുവഴിയിൽ വച്ചും കാട്ടുമൃഗങ്ങൾ ജനങ്ങളെ ആക്രമിക്കുമ്പോൾ ഭരണകർത്താക്കൾ ആ ജനതയോട് സംയമനത്തോടെ പെരുമാറേണ്ടതുണ്ട്. കോതമംഗലത്തും വയനാട്ടിലും ജനങ്ങളെ തല്ലിയൊതുക്കുന്ന രീതി ശരിയായ ഭരണനടപടിയാണോ?

**– ആന്റണി ചടയംമുറി –**

www.malankaralibrary.com






www.malankaralibrary.com

TALENT March 2024
Total Pages : 68 PRICE per copy : Rs. 15
RNI No. KER/MAL/29523/78




# PASTORAL TRAINING INSTITUTE (P.T.I.), PALARIVATTOM, KOCHI.

## CERTIFICATE COURSE IN DIPLOMA ON MISSION
## WITNESSES OF MERCY

### COURSE DETAILS

- 12 Modules (One Year)
- Duration (2024–2025) June – March
- Every IInd Friday & Saturday of the month
- Rs. 1000/– per module

### OBJECTIVE

- Forming Mature Christian Leaders with Zeal for Evangelization

### DYNAMICS OF THE COURSE

- Skill Development - Personality Skills
- Psychological Skills
- Leaders Skill
- Role Plays
- Group Dynamics
- Spiritual Grooming
- Individual Attention
- Mission Visits

### FORMATION MODULE

- The Kerala and the Indian Context of Mission
- Scriptural and Magisterial Foundation of Mission and Evanglization
- Sacramental Life and Mission Dialogue as means of Evangelization
- Institutional and Charismatic Dimension of Mission and Evangelization (Charism and Ministry)
- Basics of Catechism of the Catholic Church
- The Theology of Christian Leadership



50 SEATS ONLY

2024–2025
ADMISSION OPEN
FOR REGISTRATION
9447441109
8113876979





Pastoral Orientation Centre, Secretariat, Kerala Catholic Bishops' Council,
Palarivattom, Kochi 682 025. e-mail : ptipoc@gmail.com


Printed and published by Fr. Jolly Vadakken for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Tony Kozhimannil